# അൽ ഹഖ്

AHMADIYYA NEWS BULLETTIN

A PUBLICATION OF MAJLIS KHUDDAM-UL-AHMADIYYA - KERALA | ഡിസംബർ 2007 | PRIVATE CIRCULATION



രണ്ടാം പേജിൽ: അറബിഭാഷ ഭാഷകളുടെ മാതാവ് ഡോ. ഹമീദ് നസീം


മൂന്നാം പേജിൽ: അന്താരാഷ്ട്ര പുസ്തകോത്സവം


അഞ്ചാം പേജിൽ: ചരിത്രപഥം ഒരു ചോരക്കുഞ്ഞിന്റെ മൃതദേഹം


ഏഴാം പേജിൽ: പാക്കിസ്ഥാൻ; ബേനസീറിനുശേഷം


എട്ടാം പേജിൽ: പ്രതിഭാസം ബാരക് ഒബാമ


## ത്യാഗത്തിൽ പങ്കാളികളാവുക

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്(അയ്യദഹുല്ലാഹ്)**

സത്യവിശ്വാസി തന്റെ എല്ലാ കർമ്മങ്ങളും അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ട് ചെയ്യുന്നുവെന്നത് അവന്റെ തേജോവിലാസമാണ്. അങ്ങനെതന്നെയാണ് വേണ്ടതും. ഇവിടെ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുന്നവരുടെ ലക്ഷണങ്ങളും പറഞ്ഞിരിക്കുന്നു. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുക എന്നതാണ് ആ ചെലവഴിക്കലിന്റെ പിന്നിലുള്ളത്. അതുകൊണ്ട് ***ലാ യുത്ബിഊന മാ അൻഫഖു മന്നൻ വ്വലാഅദാ*** ചെലവ് ചെയ്തുകഴിഞ്ഞാൽ അത് ഔദാര്യമായി എടുത്തുപറഞ്ഞുകൊണ്ട് പിന്നാലെ നടക്കുകയില്ല. എന്നാൽ, ***യുൻഫിഖൂന അംവാലഹും രിആഅന്നാസ്*** എന്നതാണ് അവിശ്വാസികളുടെ ലക്ഷണം. അതായത് തങ്ങളുടെ ധനം അവർ ജനങ്ങളെ കാണിക്കുന്നതിനുവേണ്ടി ചെലവഴിക്കുന്നു. ഇങ്ങനെ കാണിക്കുന്നതിനുവേണ്ടി ചെലവഴിക്കുന്നവൻ, ***ലാ യുഅ്മിനൂന ബില്ലാഹി വലാബിൽയൗമിൽ ആഖിർ*** അല്ലാഹുവിൽ വിശ്വസിക്കുന്നില്ല.



പുനരുത്ഥാനനാളിലും വിശ്വസിക്കുന്നില്ല. അല്ലാഹുവിലും പുനരുത്ഥാനനാളിലും വിശ്വസിക്കാത്തവർ ശയ്ത്വാന്റെ കൂട്ടുകാരാണ്. അവർക്ക് അല്ലാഹുവുമായി ഒരു ബന്ധവുമില്ല.

അതിനാൽ, ശയ്ത്വാനിൽനിന്ന് ദൂരത്തേക്ക് ഓടുകയും അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുകയും ബന്ധം സ്ഥാപിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്ന സത്യവിശ്വാസി ഒരിക്കലും പ്രദർശനത്തിനായി ചെലവഴിക്കുകയില്ല. പ്രദർശനത്തിന് ശ്രമിക്കാതെ അല്ലാഹുവിനുവേണ്ടി മാത്രം ചെലവഴിക്കുകയും അല്ലാഹുവിനുവേണ്ടി എല്ലാ കർമ്മങ്ങളും ചെയ്യാൻ ശ്രമിക്കുകയും ചെയ്യുമ്പോൾ അല്ലാഹു പറയുന്നു: ***ലഹും അജ്റുഹും ഇൻദ റബ്ബിഹിം വലാ ഖൗഫുൻ അലയ്ഹിം വലാഹും യഹ്സനൂൻ***. അവരുടെ നാഥന്റെ പക്കൽ അവരുടെ പ്രതിഫലം ഉണ്ട്. അവർക്ക് ഒരു ഭയവും ഉണ്ടായിരിക്കുകയില്ല. അവർ ദുഃഖിക്കുകയുമില്ല.

അല്ലാഹുവിന്റെ പ്രീതിക്കായി തങ്ങളുടെ ധനം ചെലവഴിക്കുന്നവർ ഭാഗ്യവാന്മാരാണ്. അവർ ചെലവഴിച്ചു കഴിഞ്ഞാൽ അത് മറന്നുപോകും. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ എപ്പോഴെങ്കിലും എന്തെങ്കിലും ചെലവഴിച്ചിട്ടുണ്ടോ എന്നവർക്ക് ഓർമ്മയുണ്ടാകുകയില്ല. തങ്ങൾ ഇന്ന സമയത്ത് ഇത്ര ചന്ദ കൊടുത്തുവെന്ന്, ഔദാര്യമെന്നോണം അവർ എടുത്തുപറയുകയില്ല. നാം ഇന്ന് പരിശോധിച്ചുനോക്കുകയും ദൃഷ്ടികൾ പായിച്ചുനോക്കുകയും ചെയ്യുകയാണെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ജമാഅത്തിൽ മാത്രമെ അത്തരക്കാരെ കാണാൻ കഴിയുകയുള്ളൂ. അവർ ഒന്നിനു പിറകെ മറ്റൊന്നായി ത്യാഗം വരിക്കുകയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിച്ചുകൊണ്ട് പോകുകയും ചെയ്യുന്നു. എന്നാൽ, ജമാഅത്തിനോട് ഔദാര്യം കാണിച്ചുവെന്ന് ഒരിക്കലും അവർ പറയുകയില്ല. ഒന്നോ ഒറ്റയോ അഥവാ ഉണ്ടെങ്കിൽത്തന്നെ, അത് രോഗം ബാധിച്ച പക്ഷിയെ പോലെ കൂട്ടിൽനിന്ന് വേർപെട്ടുപോകുന്നു. ഏതെങ്കിലും വനത്തിൽ അപ്രത്യക്ഷമാകുന്നു. അങ്ങനെ വന്യമൃഗങ്ങളുടെയും ചെന്നായ്ക്കളുടെയും ഇരയായിത്തീരുന്നു. അവരുടെ ദീനും ദുൻയാവും നഷ്ടപ്പെട്ടുപോകുന്നു. ഇതുതന്നെയാണ് നമ്മൾ ഇന്നുവരെ കണ്ടുവന്നിട്ടുള്ളത്.


അല്ലാഹുവിൽനിന്ന് ലഭിക്കുന്ന പ്രതിഫലമെന്തായാലും, അത് മനുഷ്യചിന്തയ്ക്കതീതമായിരിക്കും. പക്ഷേ, ഇവിടെ പറഞ്ഞത് വെറും പ്രതിഫലമല്ല. അത്തരം വിശ്വാസികൾക്ക് അജ്റുൻ കബീറാണുള്ളത്. ഇത്തരം പ്രതിഫലം കൊണ്ടനുഗ്രഹിക്കപ്പെടുന്നയാൾ എത്ര

*(ശേഷം 7-ാം പേജിൽ)*

## അഹ്മദി വിദ്യാർത്ഥിനിക്ക് ഉന്നത വിദ്യാഭ്യാസം നിഷേധിച്ചു

**ഇസ്ലാമാബാദ്**: അഹ്മദിയാണ് എന്ന കാരണത്താൽ ഒരു അഹ്മദി വിദ്യാർത്ഥിനിക്ക് ഉന്നതപഠനത്തിനുള്ള അവസരം പാക്കിസ്ഥാനിൽ നിഷേധിക്കപ്പെട്ടു. പാക്കിസ്ഥാനിലെ നാഷണൽ എഞ്ചിനിയറിംഗ് ആന്റ് സയന്റിഫിക്ക് കമ്മീഷൻ (NESCOM) ആണ് ആമന സഹേഖ എന്ന അഹ്മദി വിദ്യാർത്ഥിനിക്ക് അനുവദിച്ച ഫെല്ലോഷിപ്പ് നിഷേധിച്ചത്. പാക്കിസ്ഥാനിലെ പ്രശസ്തമായ യൂനിവേഴ്സിറ്റി ഓഫ് എഞ്ചിനിയറിംഗ് ആന്റ് ടെക്നോളജി (ലാഹോർ)യിൽനിന്ന് 84% മാർക്കോടെ വിജയിച്ച സഹേഖയുടെ ഫെല്ലോഷിപ്പിന്നുള്ള അപേക്ഷ തള്ളിക്കളയുകയായിരുന്നു. ടെസ്റ്റ്, ഇന്റർവ്യൂ, മെഡിക്കൽ പരിശോധന എന്നീ ഘട്ടങ്ങൾ വിജയകരമായി പൂർത്തിയാക്കിയ സഹേഖയെ അവസാനനിമിഷം ഒരു കത്തിലൂടെ തഴയപ്പെട്ട വിവരം അറിയിക്കുകയാണ് NESCOM ചെയ്തത്. കാരണമായി പറഞ്ഞത് സഹേഖയുടെ പ്രവേശനം സുരക്ഷാപ്രശ്നങ്ങൾക്ക് കാരണമായിത്തീരും എന്നാണ്. മുഹമ്മദ് നബി (സ)യെ അന്ത്യപ്രവാചകനായി കരുതുന്ന ആളുകൾക്ക് മാത്രമേ ജോലിയും, വിദ്യാഭ്യാസവും നൽകേണ്ടതുള്ളൂ എന്ന മൗലികവാദികളുടെ മുറവിളി ഇതിനോട് ചേർത്തു വായിക്കേണ്ടതാണ്.

## മംഗലാപുരം പുസ്തകശാല ജനശ്രദ്ധ ആകർഷിക്കുന്നു.




**മംഗലാപുരം:** മംഗലാപുരത്തെ പ്രശസ്തമായ കാരാവലി ഉത്സവത്തോടനുബന്ധിച്ച് നടക്കുന്ന പ്രദർശനത്തിൽ അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ പുസ്തകശാല വമ്പിച്ച ജന ശ്രദ്ധ ആകർഷിക്കുന്നു. ജനുവരി 1 മുതൽ ഫെബ്രുവരി 4 വരെ നീളുന്ന ഈ പ്രദർശനത്തിൽ സൗത്ത് കർണ്ണാടക മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായാണ് പുസ്തക ശാല സംഘടിപ്പിക്കുന്നത്.

ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ തന്നെ ശ്രദ്ധേയമായി മാറിയ സ്റ്റാളിൽ നല്ല തിരക്കാണ് അനുഭവപ്പെടുന്നത്. മിക്ക പുസ്തകങ്ങളും നല്ല രീതിയിൽ തന്നെ വിറ്റഴിക്കപ്പെടുന്നു. ജമാഅത്തിന്റെ പ്രവർത്തനങ്ങളും എം.ടി.എയെക്കുറിച്ചുള്ള വിവരങ്ങളും മംഗലാപുരത്തെ സാമാന്യ ജനതയെ ചിന്തിപ്പിക്കുന്നുണ്ട്. കന്നഡ, ഹിന്ദി, ഉറുദു, ഇംഗ്ലീഷ്, ബറി തുടങ്ങിയ ഭാഷകളിലുള്ള പുസ്തകങ്ങളും ലഘു ലേഖകളും പ്രദർശന നഗരിയിലെത്തുന്നവർ സാകൂതം വായിക്കുകയാണ്. ജനുവരി ഒന്നാം തീയ്യതി സിദ്ദിഖ് അശ്റഫലി സാഹിബിന്റെ ദുആയോടുകൂടിയാണ് പുസ്തകശാല ആരംഭിച്ചത്. മംഗലാപുരം മുബല്ലിഗ് നാസിർ സാഹിബ് തിലാവത്ത് നടത്തി.

പുസ്തകശാലയ്ക്കെതിരെ മുജാഹിദുകളുടെ വകയായി പത്രപ്രസ്താവന ഉണ്ടായിരുന്നു. എന്നാൽ എന്താണ് പ്രദർശനത്തിനുള്ളത് എന്നറിയാനുള്ള ആകാംക്ഷ ആളുകളിൽ വളർത്താനാണ് ഇതുപകരിച്ചത്.

## അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് 116-ാമത് വാർഷികസമ്മേളനം



**ഖാദിയാൻ:** അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ 116-ാമത് വാർഷിക സമ്മേളനം (ജൽസസാലാന) പൂർവ്വാധികം ഭംഗിയോടെ ഖാദിയാൻ ദാറുൽ അമാനിൽ സമാപിച്ചു. പാക്കിസ്ഥാനുൾപ്പെടെയുള്ള വിവിധ രാജ്യങ്ങളിൽനിന്ന് ആയിരക്കണക്കിന് പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. 29.12.07 ശനിയാഴ്ച രാവിലെ 9.50-ന്, സദ്ർ അഞ്ജുമൻ അഹ്മദിയ്യായുടെ പ്രസിഡന്റായ ഡാക്ടർ സ്വാലിഹ് മുഹമ്മദ് അലാഹ്ദീൻ സാഹിബ് ഇസ്ലാമിന്റെ പതാക ഉയർത്തിയതോടെയാണ് സമ്മേളനത്തിന് തുടക്കം കുറിച്ചത്. ഇസ്ലാമിന്റെ കൊടി ആകാശത്തിലേക്കുയരുമ്പോൾ പ്രാർത്ഥനാവാക്യങ്ങളും തക്ബീർ ധ്വനികളും മുദ്രാവാക്യങ്ങളും കൊണ്ട് അന്തരീക്ഷം മുഖരിതമായി. തുടർന്ന് ഡാക്ടർ സാഹിബ് പ്രാർത്ഥനയ്ക്ക് നേതൃത്വം നല്കി.

കൃത്യം 10 മണിക്ക് വിശുദ്ധഖുർആൻ പാരായണത്തോടെ യോഗനടപടികൾ ആരംഭിച്ചു. ഡാക്ടർ സ്വാലിഹ് മുഹമ്മദ് അലാഹ്ദീൻ സാഹിബ് സമ്മേളനം ഉദ്ഘാടനം ചെയ്തു. അദ്ദേഹം പറഞ്ഞു: "116-ാം സമ്മേളനത്തിൽ പങ്കെടുക്കുവാൻ നമുക്ക് ഭാഗ്യം ലഭിച്ചിരിക്കുകയാണ്. അൽഹംദുലില്ലാഹ്. മഹത്തായ ഈ ആത്മീയ സമ്മേളനത്തിന് അടിത്തറപാകിയത് അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ സ്ഥാപകനും വാഗ്ദത്ത മഹ്ദീ മസീഹുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)യാ

*(ശേഷം 3-ാം പേജിൽ)*

## നബികീർത്തനയോഗം

**കൊടിയത്തൂർ:** കൊടിയത്തൂർ ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ നവംബർ 27,28,29 തിയ്യതികളിൽ കാരശ്ശേരി പഞ്ചായത്തിൽ നബികീർത്തനയോഗം സംഘടിപ്പിച്ചു. യോഗങ്ങളിൽ മൗലവി നാസിർ അഹ്മദ് സാഹിബ് പ്രഭാഷണം നടത്തി. നബികീർത്തനയോഗം തിരുനബി(സ) യുടെ ജനന-മരണ ദിവസങ്ങളിലോ, പ്രത്യേക തിയ്യതികളിലോ മാത്രമായി നടത്തേണ്ടതല്ലെന്നും എല്ലായ്പ്പോഴും ജനങ്ങൾക്കു മുമ്പിൽ സംഘടിപ്പിക്കേണ്ടതാണെന്നും നാസിർ സാഹിബ് പറഞ്ഞു. മൂന്ന് ദിവസങ്ങളിലായി നടന്ന യോഗപരിപാടിയിൽ കൊടിയത്തൂർ ജമാഅത്ത് പ്രസിഡന്റ് എം.സി. മുഹമ്മദ് സാഹിബ് ആധ്യക്ഷം വഹിച്ചു. മൗലവി ഹിദായത്തുല്ലാ ഖാൻ സഖാഫിയും യോഗത്തിൽ സംസാരിച്ചു. അനഹ്മദികളടങ്ങുന്ന വലിയ ജനക്കൂട്ടം യോഗപരിപാടികളിൽ പങ്കെടുത്തിരുന്നു. പരിപാടി നടന്ന സ്ഥലത്ത് കോഴിക്കോട് ഖുദ്ദാമുൽ അഹ്മദിയ്യാ പ്രവർത്തകർ ബുക്ക്സ്റ്റാൾ സംഘടിപ്പിച്ചു.

## ട്രോഫി വിതരണം ചെയ്തു

**എറണാകുളം:** മേഖലയിലെ മജ്ലിസ് അൻസാറുല്ലായുടെ പ്രവർത്തനങ്ങളിൽ ഏറ്റവും നല്ല പ്രവർത്തനം കാഴ്ചവെച്ച കൊച്ചി മജ്ലിസ് അൻസാറുല്ലായ്ക്ക് മജ്ലിസ് അൻസാറുല്ലാ ഭാരത് നൽകിയ ട്രോഫി എറണാകുളം മേഖല നാസിം അൻസാറുല്ലാ ഷാഹുൽ ഹമീദ് സാഹിബ്, കൊച്ചി സഈം ജനാബ് എച്ച്. നാസിർ സാഹിബിന് നൽകി. പ്രസ്തുത യോഗത്തിൽ കൊച്ചി ജമാഅത്ത് പ്രസിഡന്റ് ജനാബ് ജോസഫ് സാദിഖ് സാഹിബ് അധ്യക്ഷത വഹിച്ചു. അബ്ദുൽ കരീം സാഹിബ് തിലാവത്തും, ഫിറോസ് സാഹിബ് പദ്യവും, മേഖല നാസിം സാഹിബ് പ്രതിജ്ഞയും ചൊല്ലിക്കൊടുത്തു. തുടർന്ന് നാസർ മൗലവി സാഹിബിന്റെ തർബിയ്യത്ത് ക്ലാസ്സും ഉണ്ടായിരുന്നു. 'അൻസാറുല്ലായുടെ പ്രവർത്തനവും ജീവിതവും' എന്ന വിഷയത്തെ അധികരിച്ച് അദ്ദേഹം വിശദമായി സംസാരിച്ചു.

## ഖിലാഫത്ത് ജൂബിലി തർബിയ്യത്ത് യോഗം

**അലനല്ലൂർ, 15.12.06:** ഖിലാഫത്ത് ജൂബിലിയുടെ വിജയത്തിനായി ഹുസൂർ തിരുമനസ്സ് നമ്മുടെ മുമ്പിൽവെച്ചിട്ടുള്ള പദ്ധതികൾ പ്രായോഗികതലത്തിൽ വരുത്താൻ ഓരോ അഹ്മദിയും ഉത്തരവാദിത്തങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കേണ്ടതാണെന്ന് മൗലവി അമീറുദ്ദീൻ സാഹിബ് എച്ച്.എ. അഭിപ്രായപ്പെട്ടു. ഖലീഫത്തുൽ മസീഹിന്റെ എല്ലാ നിർദ്ദേശങ്ങളും ഹൃദയംകൊണ്ട് പൂർണ്ണമായി അനുസരിക്കുകയും ദുആ ചെയ്യുകയും ഹുസൂർ തിരുമനസ്സുമായി സുദൃഢമായ സ്നേഹബന്ധം പുലർത്തുകയും ചെയ്യുകയുമാണ് ഇതിനുള്ള മാർഗ്ഗമെന്നും അദ്ദേഹം പറഞ്ഞു.

അലനല്ലൂർ പ്രാദേശിക ജമാഅത്ത് അഹ്മദിയ്യാ മസ്ജിദിൽ സംഘടിപ്പിച്ച ഖിലാഫത്ത് ജൂബിലി തർബിയ്യത്ത് യോഗത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. പ്രാദേശിക ജമാഅത്ത് പ്രസിഡന്റ് എം. അബ്ദുൽ ബഷീർ സാഹിബ് യോഗത്തിൽ അധ്യക്ഷത വഹിച്ചു. അധ്യക്ഷപ്രസംഗത്തിൽ 'ഖിലാഫത്തിന് നൂറുവർഷം പൂർത്തിയാവുക എന്നത് ചരിത്രസംഭവമാണെന്നും മറ്റൊരു സമുദായത്തിനും പ്രവാചകന്മാരുടെ കാലത്തും ഉണ്ടായിട്ടില്ലാത്ത ഈ മഹത്തായ അനുഗ്രഹത്തെ നാം പ്രയോജനപ്പെടുത്തണമെന്നും' അദ്ദേഹം പറഞ്ഞു. പിതാവ് മക്കളെ സ്നേഹിക്കുന്നതുപോലെയാണ് ഹുസൂർ തിരുമനസ്സ് നമുക്കുവേണ്ടി ദുആ ചെയ്യുകയും, പ്രവർത്തിക്കുകയും ചെയ്യുന്നതെന്നും അതുകൊണ്ട് നമ്മുടെ ദുആകളിൽ പ്രഥമസ്ഥാനം ഹുസൂർ തിരുമനസ്സിന് നൽകണമെന്നും അദ്ദേഹം പറഞ്ഞു.

അവസാനമായി പ്രസംഗിച്ച മുഅല്ലിം ഖമറുദ്ദീൻ സാഹിബ് "ഖിലാഫത്തുമായിട്ടുള്ള നമ്മുടെ ബന്ധം ഭാരവാഹികളും ജമാഅത്ത് അംഗങ്ങളും ആത്മപരിശോധനയ്ക്ക് വിധേയമാക്കണമെന്നും, സ്വമേധയാ നാം ഉണ്ടാക്കുന്ന ബലഹീനതകൾ ഇതിനൊരു കാരണമായി കണക്കാക്കരുതെന്നും" പറഞ്ഞു. ഖിലാഫത്ത് ജൂബിലിക്കുവേണ്ടി ഹുസൂർ തിരുമനസ്സ് നിർദ്ദേശിച്ച ദുആകൾ ചൊല്ലുന്ന കാര്യത്തിലും, നോമ്പിലും, രണ്ട് റക്അത്ത് നഫ്ൽ നമസ്കാരമനുഷ്ഠിക്കേണ്ട കാര്യത്തിലും നാം വീഴ്ച വരുത്താതിരിക്കാൻ ശ്രദ്ധിക്കണമെന്നും അദ്ദേഹം പറഞ്ഞു. യോഗാരംഭത്തിൽ മൗലവി അബ്ദുറഹീം സാഹിബ് ഖുർആൻ പാരായണം നടത്തി. സി. സിറാജുൽ മുനീർ ഉർദു ഗാനം ചൊല്ലി.

# അറബിഭാഷ ഭാഷകളുടെ മാതാവ്

### ഡോ. ഹമീദ് നസിം

(വിഖ്യാത അഹ്മദി ശാസ്ത്രജ്ഞനായ ഡോ. ഹമീദ് നസിം അമേരിക്കയിലെ അർക്കൻസാസ് യൂണിവേഴ്സിറ്റിയിലെ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് പ്രൊഫസറാണ്. ഒട്ടേറെ പുരസ്കാരങ്ങൾ നേടിയിട്ടുള്ള ഡോ. നസിം കൂടാളി സ്വദേശിയാണ്. ഇപ്പോൾ അമേരിക്കയിലെ ടൾസാ ജമാഅത്തിലെ അമീറാണ്.)



**കൂടാളി:** ലോകഭാഷകളിൽ വച്ച് ഏറ്റവും പഴയതും, ഭാഷകളുടെ ജനനിയുമാണ് അറബിയെന്ന് അർക്കൻസാസ് യൂനിവേഴ്സിറ്റി (അമേരിക്ക) ഇലക്ട്രിക്കൽ എഞ്ചിനിയറിംഗ് വിഭാഗം മേധാവി ഡോ. ഹമീദ് നസിം സാഹിബ് പറഞ്ഞു. കൂടാളി മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സംഘടിപ്പിച്ച ഒരു യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വിഖ്യാത അഹ്മദി ശാസ്ത്രജ്ഞനായ ഡോ. ഹമീദ് നസിം തന്റെ പ്രഭാഷണത്തിന്റെ ആദ്യഭാഗം 'ഇഖ്റഅ്' എന്നു തുടങ്ങുന്ന ഖുർആൻ സൂക്തത്തിന്റെ വിശകലനമാണ് നടത്തിയത്. വായിക്കുക എന്നത് അറിവ് സമ്പാദനത്തെയാണ് സൂചിപ്പിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. എങ്ങനെയെങ്കിലും വായിക്കുക എന്നല്ല മറിച്ച് ഏറ്റവും നല്ലരീതിയിൽ പഠിക്കുക എന്നതാണ് വിജ്ഞാന സമ്പാദനത്തിന്റെ അടിസ്ഥാനം. മസീഹ് മൗഊദ്(അ) 'സുൽത്വാനുൽ ഖലം' എന്നാണറിയപ്പെട്ടത്. സുൽത്വാൻ എന്നതിന്റെ വിവക്ഷിതം അധീശത്വം സ്ഥാപിക്കുക എന്നതത്രെ. അറിവിന്റെ മീതെയുള്ള അധീശത്വമാണ് ഇവിടെ ലക്ഷ്യമാക്കുന്നത്. അതിനാൽ മസീഹ് മൗഊദ്(അ)ന്റെ അനുയായികൾ സകലതരത്തിലുള്ള അറിവിനെയും ഹൃദിസ്ഥമാക്കാനാണ് ശ്രമിക്കേണ്ടതെന്ന് നസിം സാഹിബ് തുടർന്നു പറഞ്ഞു. തന്റെ പ്രഭാഷണത്തിന്റെ രണ്ടാം ഭാഗത്തിൽ അറബി ഭാഷ, ഭാഷകളുടെ മാതാവാണെന്ന് സമർത്ഥിക്കാനുള്ള വാദമുഖങ്ങളാണ് ഡോ. ഹമീദ് നസിം സാഹിബ് അവതരിപ്പിച്ചത്. ഫിനിഷ്യ എന്നറിയപ്പെടുന്ന പുരാതന ഭൂവിഭാഗത്തിൽനിന്നാണ് ഭാഷാരൂപം ലോകത്തിലുടലെടുത്തത്. ഈ ഫിനിഷ്യയും എനിഗ്മരും പ്രാചിന അറബി വ്യാപാരികളാണെന്ന് നസിം സാഹിബ് പറഞ്ഞു. ഇവരിൽനിന്നാണ് സകല ഭാഷകളും ഉയിരെടുക്കുന്നത്. ഇതര ജനവിഭാഗങ്ങളുമായുള്ള സമ്പർക്കത്താൽ ഭാഷകൾ പലതരത്തിൽ ദേശഭേദങ്ങൾക്കൊത്ത് പ്രചരിക്കപ്പെട്ടു. എന്നാൽ, അറബിഭാഷയെ ആദ്യഭാഷയായി അംഗീകരിക്കാൻ ആധുനികലോകം എന്തുകൊണ്ടോ വിസമ്മതിക്കുകയാണെന്ന് നസിം സാഹിബ് തുടർന്നു പറഞ്ഞു. ചടങ്ങിൽ കൂടാളി മജ്ലിസ് ഖാഇദ് ശബീർ ഹനീഫ് സാഹിബ് ആധ്യക്ഷം വഹിച്ചു. മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഉത്തരകേരള ഖാഇദ് പി. ശെഫി അഹ്മദ് സാഹിബ് സദസ്യരെ അഭിസംബോധന ചെയ്തു. ഹമീദ് നസിം സാഹിബിന്റെ പ്രസംഗം നദിം സാദിഖ് സാഹിബ് ഭാഷാന്തരീകരണം നടത്തി.

## ഇന്തോനേഷ്യയിൽ സമാധാനത്തിന് ആഹ്വാനം

**ജക്കാർത്ത:** അന്തർദ്ദേശീയ സമാധാന ദിനത്തിൽ നടന്ന യോഗത്തിൽ ഇന്തോനേഷ്യയിൽ സമാധാനം സ്ഥാപിക്കാൻ എല്ലാവരും മുന്നോട്ടുവരണമെന്ന് വിവിധ മതനേതാക്കൾ ആഹ്വാനം ചെയ്തു. മറ്റുള്ളവരുടെ വിശ്വാസപ്രചാരണങ്ങൾ അനുവദിക്കാനും മറ്റുള്ളവരെ അംഗീകരിക്കാനുമുള്ള സന്മനസ്സ് കാണിച്ചാൽ മാത്രമെ മതങ്ങളുടെ ലക്ഷ്യപൂർത്തീകരണം സാധ്യമാകൂവെന്ന് മതകാര്യവകുപ്പിലെ ഡയരക്ടർ ജനറൽ നസ്റുദ്ദീൻ ഉമർ പ്രസ്താവിച്ചു. ചെറിയവിഭാഗം തീവ്രവാദപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് സ്വന്തം മതത്തെക്കുറിച്ചുള്ള അജ്ഞത മൂലമാണ്. ഭീകരപ്രവർത്തനങ്ങൾ മതങ്ങൾക്ക് ദുഷ്പേര് മാത്രമേ നൽകുകയുള്ളൂവെന്ന് അദ്ദേഹം പറഞ്ഞു. രാജ്യത്തുടനീളം അഹ്മദിയ്യാ മുസ്ലിംകളുടെ മസ്ജിദുകൾ വ്യാപകമായി തകർക്കപ്പെട്ടു. നിരവധി അഹ്മദികൾ അഭയാർത്ഥി ക്യാമ്പുകളിൽ കഴിയുന്നു. വീടുകൾ കൊള്ളയടിക്കപ്പെടുകയും തകർക്കപ്പെടുകയും ചെയ്തു. അഹ്മദികളെ മുസ്ലിംകളായി അംഗീകരിക്കാത്തതാണ് സംഘർഷങ്ങൾക്ക് കാരണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഇന്തോനേഷ്യയിൽ റിലിജ്യൻ ആന്റ് പീസ് സംഘത്തിന്റെ വൈസ്പ്രസിഡന്റ് ശ്രീ. ജൊഹാനസ് പിരിയാന്റോ തന്റെ പ്രസംഗത്തിൽ മതസംഘടനകൾ തീവ്രവാദപ്രവർത്തനങ്ങൾക്ക് പകരം ദാരിദ്ര്യം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ സാമൂഹികപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിലേക്ക് ശ്രദ്ധിക്കണമെന്ന് ആവശ്യപ്പെട്ടു.

## മജ്ലിസെ ആമില

**കരുനാഗപ്പള്ളി:** സൗത്ത് കേരള മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ പ്രഥമ മജ്ലിസെ ആമില 2007 ഡിസംബർ 9 ഞായറാഴ്ച കരുനാഗപ്പള്ളി മസ്ജിദിൽ വച്ച് സൗത്ത് ഇലാഖാ ഖാഇദ് ഇ.എച്ച്. നജീബ് സാഹിബിന്റെ അധ്യക്ഷതയിൽ നടന്നു. ഖിലാഫത്ത് ജൂബിലി വർഷം ആസന്നമായിരിക്കുന്നതിനാൽ നമ്മുടെ ഉത്തരവാദിത്തങ്ങൾ വർദ്ധിച്ചിരിക്കുകയാണെന്ന് ഖാഇദ് സാഹിബ് അഭിപ്രായപ്പെട്ടു. വിവിധ വകുപ്പുകളെ ആസ്പദമാക്കി വിശദമായ ചർച്ചകൾ നടന്നു. വകുപ്പ് സെക്രട്ടറിമാരുടെ സഹായത്തോടെ ഖാഇദ് സാഹിബ് അടുത്ത വർഷത്തെ പദ്ധതികൾ ആസൂത്രണം ചെയ്തു.

സൗത്ത്, നോർത്ത് ഇലാഖകൾ സംയുക്തമായി ആലുവ വൈ.എം.സി.എ ഹാളിൽ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന സംസ്ഥാന ഇജ്തിമായുടെ വിജയത്തിനായി ഖാഇദ് സാഹിബിന്റെ നേതൃത്വത്തിൽ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തു.

## വഖാറെഅമൽ സംഘടിപ്പിച്ചു

**കൊടുങ്ങല്ലൂർ:** മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ 16.12.07 ഞായർ പള്ളിയിലും പരിസരത്തും വഖാറെ അമൽ സംഘടിപ്പിച്ചു. ഖാഇദ് മൊയ്തീൻ ബാബു സാഹിബ്, വഖാറെ അമൽ സെക്രട്ടറി മുഹമ്മദ് ബഷീർ സാഹിബ് എന്നിവർ നേതൃത്വം നൽകി.

*ലേഖനങ്ങൾ, കവിതകൾ അയക്കുക.*

**എഡിറ്റർ, അൽ-ഹഖ്, ഈ. അഹ്മദിയ്യാ കോംപ്ലക്സ്, കണ്ണൂർ-1**

## എം. ടി. എ. സംപ്രേഷണം

**കൊടിയത്തൂർ:** കൊടിയത്തൂർ ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ എം.ടി.എ. ചാനൽ സംപ്രേഷണമാരംഭിച്ചു. കോഴിക്കോട്-മലപ്പുറം ജില്ലകളിലായി 21-ൽപരം പഞ്ചായത്തുകളിൽ ഇതിനോടകംതന്നെ കേബിൾ മുഖാന്തിരം എം.ടി.എ. പരിപാടികൾ വീടുകളിലെത്തിക്കഴിഞ്ഞു. റമദാൻ വ്രതാരംഭത്തോടെയാണ് എം.ടി.എ. ഈ ഭാഗങ്ങളിൽ നിലവിൽ വന്നത്. എം.ടി.എ. പരിപാടികൾ അനഹ്മദികളും ആകാംക്ഷയോടെയാണ് വീക്ഷിക്കുന്നത്.

## തർബിയ്യത്ത് ക്ലാസ്സ്

**കാവശ്ശേരി:** കാവശ്ശേരി മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ തർബിയ്യത്ത് ക്ലാസ്സ് നടത്തി. മുള്ളൂർക്കര മുഹമ്മദുണ്ണി മുസലിയാർ ക്ലാസ്സെടുത്തു. ഖിലാഫത്ത് വ്യവസ്ഥിതിയിൽ ഊന്നിക്കൊണ്ട് ജീവിക്കേണ്ടുന്നതിന്റെ പ്രാധാന്യം അദ്ദേഹം തന്റെ പ്രഭാഷണത്തിൽ ഊന്നിപ്പറഞ്ഞു. ഖിലാഫത്ത് ജൂബിലി പടിവാതിൽക്കലെത്തി നില്ക്കുന്ന ഈ ഘട്ടത്തിൽ ഓരോരുത്തരും കർമ്മരംഗത്തിറങ്ങേണ്ട സമയമായെന്ന് മുള്ളൂർക്കര ഖാദിംങ്ങളെ ഓർമ്മിപ്പിച്ചു. യോഗത്തിൽ കാവശ്ശേരി മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഖാഇദ് എസ്. ഗുലാം അഹ്മദ് സാഹിബ് ആധ്യക്ഷം വഹിച്ചു. താഹിർ സാഹിബ് പദ്യം ആലപിച്ചു. യോഗത്തിൽ ലുഖ്മാൻ സാഹിബ് നബിവചനവും ഇസ്മായിൽ അഹ്മദ് സാഹിബ് മസീഹ് മൗഊദ്(അ)ന്റെ ഉപദേശവും വായിച്ചു.

## രക്തദാന ക്യാമ്പയിൻ

**ക്വീൻസ്ലാന്റ് (ആസ്ത്രേലിയ):** ആസ്ത്രേലിയൻ റെഡ്ക്രോസുമായി സഹകരിച്ചുകൊണ്ട് ക്വീൻസ്ലാന്റിലെ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ രക്തദാന ദിനാചരണം സംഘടിപ്പിച്ചു. ക്വീൻസ്ലാന്റിലെ അഹ്മദിയ്യാ കേന്ദ്രത്തിലെത്തിയ റെഡ്ക്രോസ് സംഘം അഹ്മദികളുടെ രക്തം ശേഖരിക്കുകയായിരുന്നു. സ്ത്രീകൾ ഉൾപ്പെടുന്ന വലിയൊരു വിഭാഗം അഹ്മദികൾ രക്തദാനത്തിനെത്തിയിരുന്നു. ജമാഅത്തംഗങ്ങൾക്കു പുറമെ പരിസരപ്രദേശങ്ങളിലുള്ളയാളുകളും രക്തദാനത്തിൽ പങ്കുചേർന്നു. രക്തദാനത്തോടനുബന്ധിച്ച് അഹ്മദിയ്യാ സാഹിത്യങ്ങളുടെ പ്രദർശന-വില്പനശാലയും സംഘടിപ്പിച്ചു.

# അന്താരാഷ്ട്ര പുസ്തകോത്സവം

**എറണാകുളം:** പരിശുദ്ധ ഇസ്‌ലാമിനെക്കുറിച്ച് അറിയാനും അറിയിക്കാനുമുള്ള വേദിയിലെ പത്ത് ദിനരാത്രങ്ങൾ കണ്ണടക്കുന്ന വേഗത്തിൽ എരിഞ്ഞടങ്ങിയപ്പോൾ എറണാകുളം മേഖലയിലെ ഖാദിമീങ്ങൾക്ക് വല്ലാത്ത നഷ്ടബോധം! ഇക്കഴിഞ്ഞ ഡിസംബർ 1 മുതൽ 10 വരെ എറണാകുളത്ത്‌വച്ച് നടന്ന 11-ാമത് അന്താരാഷ്ട്ര പുസ്തകോത്സവത്തിലെ അഹ്‌മദിയ്യാ ബുക്ക് സ്റ്റാൾ വൻവിജയമാക്കി മാറ്റണമെന്ന സൗത്ത് ഇലാഖാ ഖാഇദ് ഇ.എച്ച്. നജീബ് സാഹിബിന്റെ ആഹ്വാനത്തെ തുടർന്ന് ഖാദിമീങ്ങളും അത്ഫാലുകളുമെല്ലാം സജീവമായി രംഗത്തുണ്ടായിരുന്നു. പുസ്തകോത്സവം ഉദ്ഘാടനം ചെയ്ത ബി.ജെ.പി. മുൻദേശീയ പ്രസിഡന്റ് ശ്രീ. വെങ്കയ്യനായിഡു നമ്മുടെ സ്റ്റാൾ സന്ദർശിച്ച് അഹ്‌മദിയ്യാ സാഹിത്യങ്ങൾ പരിചയപ്പെട്ടു.






പ്രദർശനനഗരിയിലെ പൊതുവേദിയിൽവച്ച് 'മതത്തിന്റെ പേരിൽ മനുഷ്യഹത്യ' എന്ന ഗ്രന്ഥത്തിന്റെ രണ്ടാം പതിപ്പിന്റെ പ്രകാശനം നടന്നു. അഡ്വ. കാളീശ്വരം രാജ് പുസ്തകോത്സവ കമ്മിറ്റി ജനറൽ കൺവീനർ ഇ.എൻ. നന്ദകുമാറിന് പുസ്തകം കൈമാറി. ധാരാളം പൊതുജനങ്ങൾ യോഗത്തിൽ പങ്കെടുത്തു. പരിഭാഷകനും സത്യദൂതൻ എഡിറ്ററുമായ എ.എം. മുഹമ്മദ് സലീം സാഹിബ്, പ്രൊഫ. മഹ്‌മൂദ് അഹ്‌മദ് സാഹിബ് തുടങ്ങിയവർ പൊതുവേദിയിൽ സംസാരിച്ചു. ബുക്ക് സ്റ്റാളിന്റെ വിജയത്തിനായി മേഖലാ അമീർ ബി.ബി. അഹ്‌മദ് കബീർ സാഹിബിന്റെ നേതൃത്വത്തിൽ മുൻകൂട്ടി പദ്ധതികൾ ആവിഷ്കരിച്ചിരുന്നു. യേശുവിന്റെ കല്ലറ കശ്മീരിലാണെന്ന് വിളംബരം ചെയ്യുന്ന ബഹുവർണ്ണ പോസ്റ്റർ എറണാകുളം മേഖലയിലെ പ്രധാന നിരത്തുകളിലെല്ലാം അഹ്‌മദികൾ പതിച്ചിരുന്നു. ധാരാളം അന്വേഷകർ സ്റ്റാളിലും പള്ളിയിലും നമ്മുടെ പുസ്തകങ്ങൾ തേടിയെത്തി. ഒട്ടനേകം ലഘുലേഖകൾ വിതരണം ചെയ്യാൻ കഴിഞ്ഞു. മൗലവി നാസിർ അഹ്‌മദ് സാഹിബ് (എറണാകുളം), മൗലവി അൻസാർ മഹ്ദി സാഹിബ് (കാക്കനാട്), മൗലവി മുഹയുദ്ദീൻ സാഹിബ് (ഐരാപുരം), മൗലവി മൻസിൽ സാഹിബ് (കൊച്ചി), മൗലവി നജ്മുദ്ദീൻ സാഹിബ് (പള്ളുരുത്തി) തുടങ്ങിയവർ എറണാകുളം ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ പരിപാടികളുടെ വിജയത്തിനായി പരിശ്രമിച്ചിരുന്നു.

# അഹ്‌മദികളെ വോട്ടർപട്ടികയിൽനിന്ന് ഒഴിവാക്കി

**ഇസ്‌ലാമാബാദ്:** വിശ്വാസപരമായ വിവേചനത്തിലൂടെ വോട്ടർപട്ടികയിൽ നിന്നൊഴിവാക്കിയതിൽ പ്രതിഷേധിച്ച് അഹ്‌മദികൾ വരാനിരിക്കുന്ന പാക്ക് പാർലമെന്റ്/ അസംബ്ലി തിരഞ്ഞെടുപ്പുകൾ ബഹിഷ്കരിക്കുന്നു. പൊതുവോട്ടർപട്ടികയിൽനിന്ന് വ്യത്യസ്തമായി അഹ്‌മദികൾക്കായി പ്രത്യേകം വോട്ടർപട്ടിക രൂപീകരിക്കുകയായിരുന്നു പാക്കിസ്ഥാനിൽ. ഈ കടുത്ത അനീതിയിൽ പ്രതിഷേധമുള്ളതുകൊണ്ട് ഒരൊറ്റ അഹ്‌മദിയും ഇലക്ഷനിൽ മത്സരിക്കുകയോ, വോട്ടു ചെയ്യുകയോ ഇല്ലെന്ന് പാക്കിസ്ഥാനിലെ ജമാഅത്തിന്റെ ഭാരവാഹികൾ അറിയിച്ചു.

പാക്ക് തിരഞ്ഞെടുപ്പ് കമ്മീഷന്റെ വിദ്വേഷപരമായ നടപടിക്കെതിരെ അഹ്‌മദിയ്യാ ജമാഅത്ത് പരാതി നൽകിയിട്ടുണ്ടെന്ന് ജമാഅത്തിന്റെ ഔദ്യോഗിക വക്താവ് റബ്‌വയിൽ അറിയിച്ചു. പക്ഷപാതപരമായ വോട്ടേർസ് ലിസ്റ്റിന്റെ നിർമ്മിതി പാക്ക് ഭരണഘടനാവിരുദ്ധവും, പാക്ക് രാഷ്ട്രപിതാവ് ജിന്നയുടെ ആദർശങ്ങൾക്ക് വിരുദ്ധവുമാണെന്ന് പരാതിയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മതപരവും വിശ്വാസപരവുമായ വിവേചനം തിരഞ്ഞെടുപ്പിൽ കാണിക്കുന്നതിനെ മിക്ക അന്തർദേശീയ ഏജൻസികളും അപലപിച്ചിട്ടുണ്ട്.

# മതസൗഹാർദ്ദ സമ്മേളനം

**സിഡ്നി (ആസ്ത്രേലിയ):** ആസ്ത്രേലിയൻ ലജ്നഇമായില്ലായുടെ ആഭിമുഖ്യത്തിൽ സർവ്വമത സമ്മേളനം നടത്തി. ക്രിസ്ത്യൻ, ഹിന്ദു, സിഖ് തുടങ്ങിയ വിവിധ മതങ്ങളെ പ്രതിനിധാനം ചെയ്ത് വ്യത്യസ്ത പ്രതിനിധികൾ സമ്മേളനത്തെ അഭിസംബോധന ചെയ്തു. യോഗത്തിൽ വ്യത്യസ്ത മതങ്ങളെ പ്രകീർത്തിക്കുന്ന ഗാനശകലങ്ങളുടെ അവതരണവുമുണ്ടായി. സമ്മേളനത്തിനെത്തിയ പ്രതിനിധികൾക്ക് ലജ്നാ ഇമായില്ലാ ആസ്ത്രേലിയ അധ്യക്ഷ അമത്തുൽ മാലിക്നജം സാഹിബ നന്ദി പ്രകാശിപ്പിച്ചു.

# യോഗം

**കണ്ണൂർ:** കണ്ണൂർ ടൗൺ മജ്‌ലിസ് ഖുദ്ദാമുൽ അഹ്‌മദിയ്യായുടെ ആഭിമുഖ്യത്തിൽ യോഗം സംഘടിപ്പിച്ചു. യോഗത്തിൽ ഖാഇദ് ഷാജിർ അഹ്‌മദ് സാഹിബ് അധ്യക്ഷനായിരുന്നു. ഷെഹിൻഷാഫി, റോഷൻ അഹ്‌മദ്, നിഷാദ് അസീസ് തുടങ്ങിയവർ സംസാരിച്ചു.

# താൽക്കാലിക പുസ്തകശാല

**കണ്ണൂർ:** കണ്ണൂർ ടൗൺ ഖുദ്ദാമുൽ അഹ്‌മദിയ്യായുടെ ആഭിമുഖ്യത്തിൽ കണ്ണൂർ സ്റ്റേഡിയം കോർണറിൽ പുസ്തകശാല സംഘടിപ്പിച്ചു. ഗുലാം അഹ്‌മദ്, നിശാദ് അസീസ്, നിശാൻ തുടങ്ങിയവർ നേതൃത്വം നൽകി.

*(1-ാം പേജിൽനിന്ന്)*

ണ്. 1891-ലാണ് ഈ നാട്ടിൽവച്ച് അതിന് തുടക്കം കുറിച്ചത്. അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹത്തിൽ പുരോഗതി പ്രാപിക്കുകയും ഭക്തിനിർഭരമായ ജീവിതം കാഴ്ചവയ്ക്കുകയും ചെയ്യുക എന്നതാണ് ഇതുകൊണ്ടുള്ള ഉദ്ദേശ്യം.



*ജൽസ സദസിന്റെ ദൃശ്യം*

"ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു: സത്യസന്ധതയുടെയും സത്യവിശ്വാസത്തിന്റേയും കാലഘട്ടം വീണ്ടും വരുന്നതിനുവേണ്ടിയാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്. ഹൃദയങ്ങളിൽ ഭക്തിയുണ്ടാവണം. എന്റെ വരവിന്റെ അടിസ്ഥാനപരമായ ലക്ഷ്യം ഈ കർമ്മം തന്നെയാണ്. ആകാശം വളരെ അകന്നുപോയതിനുശേഷം വീണ്ടും ഭൂമിയോടടുത്തുവരുമെന്ന് എന്നോട് പറയപ്പെട്ടിരിക്കുന്നു.

"ഈ ജൽസയുടെ ലക്ഷ്യവും യഥാർത്ഥ ഉദ്ദേശ്യവും നമ്മുടെ ജമാഅത്തിലെ ആളുകൾ എങ്ങനെയെങ്കിലും ആവർത്തിച്ചാവർത്തിച്ച് പരസ്പരം കണ്ടുമുട്ടി, തങ്ങളുടെയുള്ളിൽ പരിവർത്തനം ഉണ്ടാക്കുക എന്നതാണ്. എങ്ങനെയുള്ള പരിവർത്തനം എന്നുവച്ചാൽ, പൂർണ്ണമായും അവരുടെ മനസ്സ് പരലോകത്തേക്ക് കുനിയണം. അവരുടെയുള്ളിൽ അല്ലാഹുവിനോടുള്ള ഭയമുണ്ടാവണം. അവർ സ്വാത്പരിത്യാഗത്തിലും ഹൃദയഭക്തിയിലും ദൈവഭയത്തിലും പഥ്യാചരണത്തിലും ദയയിലും പരസ്പരമുള്ള സ്നേഹത്തിലും സാഹോദര്യത്തിലും മറ്റുള്ളവർക്ക് മാതൃകയായിത്തീരണം. വിനയവും ഉപചാരവും വിശ്വസ്തതയും അവരിലുണ്ടാകണം. മതപരമായ കാര്യങ്ങൾക്കായി സന്നദ്ധരാവണം." (ശഹാദത്തുൽ ഖുർആൻ)

ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഗ്രന്ഥങ്ങളിൽ നിന്നുള്ള ആത്മീയോദ്ദീപകമായ നിരവധി ഉദ്ധരണികൾ കേൾപ്പിച്ചുകൊണ്ടുള്ളതായിരുന്നു ഡാക്ടർ സാഹിബിന്റെ ഉദ്ഘാടനപ്രഭാഷണം. ഹദ്റത്ത് മിയാ വസിം അഹ്‌മദ് സാഹിബിനെ സ്മരിച്ചുകൊണ്ടാണ് അദ്ദേഹം തന്റെ പ്രസംഗത്തിന് വിരാമമിട്ടത്. മിയാസാഹിബിന്റെ സ്മരണ തികച്ചും സന്ദർഭോചിതവും എല്ലാവരിലും നൊമ്പരത്തിന്റെ നനവ് പരത്തുന്നതുമായിരുന്നു.

ആറുസെഷനുകളായിട്ടാണ് സമ്മേളനം നടന്നത്. ഓരോ സെഷനും ആരംഭിക്കുമ്പോൾ വിശുദ്ധഖുർആൻ പാരായണവും പദ്യാലാപനവും ഉണ്ടായിരുന്നു. ചില സെഷനുകളുടെ അവസാനത്തിൽ വെളിയിൽനിന്ന് വന്ന മുഖ്യാതിഥികൾക്കും തങ്ങളുടെ അഭിപ്രായങ്ങളും വികാരങ്ങളും പ്രകടിപ്പിക്കാൻ അവസരം നല്കിയിരുന്നു.

മൗലാനാ മുഹമ്മദ് ഉമർ സാഹിബ് നാസിർ ഇസ്‌ലാഹോ ഇർശാദ് ഖാദിയാൻ, മൗലാനാ കരീമുദ്ദീൻ സാഹിബ് ശാഹിദ് നാസിം വഖ്ഫെ ജദീദ്, മൗലാനാ മുഹമ്മദ് അയൂബ് സാഹിബ് ഇൻചാർജ്ജ് മുബല്ലിഗ് കേരള, മൗലാനാ മുഹമ്മദ് ഇനാം സാഹിബ് ഗോരി നാസിർ അഅ്‌ലാ വ അമീർ മഖാമി ഖാദിയാൻ, മൗലാനാ മുനീർ അഹ്‌മദ് സാഹിബ് ഖാദിം അഡീഷണൽ നാസിർ ഇസ്‌ലാഹോ ഇർശാദ്, മൗലാനാ സയ്യിദ് കലീമുദ്ദീൻ സാഹിബ് മുബല്ലിഗ് ഇൻചാർജ്ജ് ഡൽഹി, മൗലാനാ മുഹമ്മദ് ഹമീദ് കൗഥർ സാഹിബ് പ്രിൻസിപ്പാൾ ജാമിഅ അഹ്‌മദിയ്യാ ഖാദിയാൻ, മൗലാനാ തൻവീർ അഹ്‌മദ് സാഹിബ് ഖാദിം നായിബ് നാസിർ ഇസ്‌ലാഹോ ഇർശാദ് ഖാദിയാൻ, മൗലാനാ അബ്ദുൽവക്കീൽ സാഹിബ് നിയാസ് നായിബ് നാസിം വഖ്ഫെ ജദീദ് ബേരോൺ, മൗലാനാ മുഹമ്മദ് നസിം ഖാൻ സാഹിബ് നാസിർ ഉമ്മൂറെ ആമ ഖാദിയാൻ തുടങ്ങിയവർ വിവിധ വിഷയങ്ങളെ അധികരിച്ച് സംസാരിച്ചു.

31-ാം തിയതി ഉച്ചകഴിഞ്ഞ് 1.15-ന് സമാപന പരിപാടി ആരംഭിച്ചു. 3.30-ന് ലണ്ടനിൽനിന്നുള്ള സംപ്രേഷണ പരിപാടി തുടങ്ങി. മൗലാനാ ഫിറോസ് ആലം സാഹിബിന്റെ വിശുദ്ധഖുർആൻ പാരായണത്തോടെയാണ് യോഗ നടപടികൾ ആരംഭിച്ചത്. മൗലാനാ നസീം ബാജ്‌വാ സാഹിബ് പദ്യം ആലപിച്ചു.



*മൗലാനാ മുഹമ്മദ് ഉമർ സാഹിബ് ജൽസയെ അഭിസംബോധന ചെയ്യുന്നു.*

കൃത്യം നാലുമണിക്ക് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഖാമിസ് മിർസാ മസ്റൂർ അഹ്‌മദ് സാഹിബിന്റെ സമാപന പ്രസംഗത്തിന് തുടക്കം കുറിച്ചു. ഒരു മണിക്കൂറോളം നീണ്ടുനിന്ന തന്റെ പ്രസംഗത്തിൽ, അഹ്‌മദികൾ ഇസ്‌ലാമിക മൂല്യങ്ങൾ ഉൾക്കൊണ്ടും ഹൃദയഭക്തിയിൽ പദമൂന്നിയും ജീവിക്കേണ്ട കാലമാണിതെന്ന് ഊന്നിപ്പറഞ്ഞു. പൂർവ്വികരായ മഹാത്മാക്കളുടെ ത്യാഗസമ്പൂർണ്ണമായ ജീവിതം അയവിറക്കിക്കൊണ്ട്, മാതൃകാപരമായ ജീവിതമാണ് നാം നയിക്കേണ്ടത്. മഹാത്മാക്കളുടെ ത്യാഗസുരഭിലമായ ജീവിതം പറഞ്ഞുകൊണ്ടിരിക്കുകയും എന്നാൽ, അത്തരം ത്യാഗത്തിലേക്ക് ഇറങ്ങിച്ചെല്ലാൻ തയ്യാറാകാതിരിക്കുകയും ചെയ്താൽ യഥാർത്ഥ മുസ്‌ലിമാണെന്നുള്ള നമ്മുടെ വാദം പൊള്ളയായിരിക്കും. ഹുസൂർ പറഞ്ഞു.



*ജൽസ 2008ന്റെ വേദി*

ലോകശാന്തിക്കും സമാധാനത്തിനും വേണ്ടി പ്രാർത്ഥിക്കാനും ഹുസൂർ പറഞ്ഞു. അമീറുൽ മുഅ്മിന്റെ നിർദ്ദേശപ്രകാരം സുഖസുഷുപ്തി ഉപേക്ഷിച്ചും രാത്രിയെ പകലാക്കിയും കൊണ്ടാണ് ആയിരക്കണക്കിന് അഹ്‌മദികൾ ജൂബിലിവർഷമായ 2008 -നെ സ്വാഗതം ചെയ്തത്. എല്ലാ പള്ളികളിലും പ്രത്യേകിച്ച് മസ്ജിദ് മുബാറക്കിൽ, ജനങ്ങൾ ഒഴിഞ്ഞ സമയമുണ്ടായിരുന്നില്ല. തങ്ങളുടെ റബ്ബിന്റെ തിരുസന്നിധിയിൽ സുജൂദ് ചെയ്തും എല്ലാ വിഷമങ്ങളും ദുഃഖങ്ങളും അവനോട് പറഞ്ഞുംകൊണ്ടുള്ള, ഏങ്ങലടിയും വിലാപം കൊണ്ടും നിറഞ്ഞ, ഉള്ളിന്റെയുള്ളിൽ നിന്ന് ഇറ്റുറ്റു വീണ പ്രാർത്ഥനാവാക്യങ്ങൾ പുതുവർഷത്തിൽ അതിന്റേതായ നിറം കാണിക്കുകതന്നെ ചെയ്യുമെന്നതിൽ സംശയമില്ല. ഭൗതികലോകം പുതുവർഷത്തെ സ്വാഗതം ചെയ്യാൻ ആഭാസത്തിലും ആഘോഷങ്ങളിലും തിമിർത്താടുമ്പോൾ, അങ്ങ് വടക്ക് പഞ്ചാബ് സംസ്ഥാനത്തിലെ ഒരു കൊച്ചുസ്ഥലമായ ഖാദിയാനിൽ ആയിരങ്ങൾ തങ്ങളുടെ റബ്ബിന്റെ തിരുസന്നിധിയിൽ പാപങ്ങളേറ്റു പറഞ്ഞു പൊറുക്കലിനെ തേടിയുംകൊണ്ട് പുതുവർഷത്തെ വരവേൽക്കുകയായിരുന്നു.

അൽ ഹഖ്
AHMADIYYA NEWS BULLETTIN
ഡിസംബർ 2007 ദുൽഖഅദ്-ദുൽഹജ്

## ബേനസീർ പ്രവചിക്കപ്പെട്ടതിന്റെ സത്യം

ഇക്കഴിഞ്ഞ നവംബർ 23-ന് അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്(അയ്യദഹുല്ലാഹ്) നടത്തിയ ഖുത്ബയിൽ പാക്കിസ്ഥാനിലെ സ്ഥിതിഗതികളെപ്പറ്റി വിശകലനം ചെയ്തിരുന്നു. കൂടാതെ ഖുത്ബയുടെ ഭാഗമായിത്തന്നെ പാക്കിസ്ഥാനുവേണ്ടി പ്രാർത്ഥിക്കുവാൻ അദ്ദേഹം ആവശ്യപ്പെട്ടു. സത്യാന്വേഷികളുടെ കണ്ണുകൾ ഇത് കണ്ടോ എന്തോ? അറിവിന്റെ സൂക്ഷ്മതലങ്ങളിൽ ചില യാഥാർത്ഥ്യങ്ങളുണ്ടെന്ന് അവർക്കിതിലൂടെ മനസ്സിലാക്കാം. എന്തെന്നാൽ, അഹ്മദിയ്യാ ഖലീഫയുടെ വാക്കുകളുടെ മാറ്റൊലി അടങ്ങുന്നതിന് മുമ്പേ പാക്കിസ്ഥാനുവേണ്ടി ലോകം പ്രാർത്ഥിച്ചുപോയി. കാരണം പാക്ക് രാഷ്ട്രീയത്തിന്റെ നിത്യഹരിത സാന്നിധ്യമായ ബേനസീർ വധിക്കപ്പെട്ടു. തുടർന്നുള്ള പ്രശ്നങ്ങൾ പാക്കിസ്ഥാനെ രൂക്ഷമായ ആഭ്യന്തര കലാപത്തോളം എത്തിച്ചു.

ഇതൊരു തുടർച്ചയുടെ കഥയത്രെ. ഓർമ്മയുണ്ടോ 1974? അഹ്മദികളെ അമുസ്ലിംകളായി പ്രഖ്യാപിച്ച വർഷമാണത്. ബേനസീറിന്റെ പിതാവ് സുൽഫിക്കർ അലി ഭൂട്ടോ അതിന്റെ അണിയറയിലുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ബുദ്ധിയിൽ നടന്നതായിരിക്കണം ഒരുപക്ഷേ 1974-ന് ശേഷമുണ്ടായ പാക്കിസ്ഥാനിലെ അഹ്മദിവിരുദ്ധ ഗവർമ്മെന്റ് നയങ്ങൾ. കാരണം അദ്ദേഹമാണ് പറഞ്ഞത് 90 വർഷത്തെ ഖാദിയാനി പ്രശ്നം 90 ദിവസംകൊണ്ട് താൻ പരിഹരിക്കുമെന്ന്. അങ്ങനെ അദ്ദേഹത്തിന്റെ സ്വന്തം പ്രശ്നംതന്നെ പരിഹരിക്കപ്പെട്ടത് വളരെ പെട്ടെന്നായിരുന്നു. അദ്ദേഹത്തിന്റെ കുടുംബത്തിന്റെ ഈ നൈരന്തര്യം നമ്മെ ഓർമ്മിപ്പിക്കുന്നത് ഭൂട്ടോയുടെ അഹ്മദിവിരുദ്ധ നടപടികളെയാണ്. തെറ്റുതിരുത്താൻ ബേനസീറിനും അവസരം ലഭിച്ചിരുന്നു. പക്ഷേ, മതമൗലികവാദികളുടെ വാക്കുകൾക്ക് മീതെ രാഷ്ട്രത്തെ നയിക്കാനുള്ള ധാർമ്മികനിലവാരം അവർക്കുമുണ്ടായില്ല. ഒടുവിൽ ബേനസീർ മരിച്ചുവീഴുമ്പോൾ കൊലയാളികൾ ആരെന്നു പോലും നിശ്ചയമില്ല.

നേരത്തെ പറഞ്ഞ ഖുത്ബയിൽതന്നെ ഖലീഫത്തുൽ മസീഹ് പാക്കിസ്ഥാൻ രാഷ്ട്രനിർമ്മാണത്തിൽ അഹ്മദികൾ നിർവ്വഹിച്ച വലിയ പങ്ക് എടുത്തുപറഞ്ഞിരുന്നു. എന്നാൽ, ഇത്തരത്തിലുള്ള യാതൊരു പരിഗണനയും പിന്നീട് ആ രാജ്യം ജമാഅത്തിനോട് കാണിച്ചില്ല. ചരിത്രം പഠിപ്പിക്കുന്നത് നന്ദികേട് ദൈവം പൊറുക്കുന്നതല്ലാ എന്നാണ്. ഇപ്പോൾ പാക്കിസ്ഥാനിലെ ഏതാനും ചിലരെങ്കിലും ദൈവകോപത്തെപ്പറ്റി സംസാരിച്ചുതുടങ്ങിയിരിക്കുന്നു. പക്ഷേ, അവർക്ക് മനസ്സിലാകുന്നില്ല, എന്താണ് ദൈവകോപത്തിന്റെ കാരണമെന്ന്. ദൈവവചനവും പ്രവാചക സ്തുതിയും പറയാൻപോലുമനുവദിക്കാതെ ഒരു നിസ്സഹായ സമൂഹത്തെ അടിച്ചമർത്തുന്നത് ദൈവകോപമല്ലാതെ എന്താണ് കൊണ്ടുവരിക? ഈയൊരു സത്യം പാക്ക്ജനത തിരിച്ചറിയുന്നില്ല. ആയിരം വേനലുകളുടെ ശാപഭൂമിയായ അഫ്ഗാനിസ്ഥാൻ തൊട്ടപ്പുറത്ത് പാക്ക്ജനതയ്ക്ക് കാണാം. ദൈവനിയുക്തന്റെ കണ്ണീരിൽകുതിർന്ന ശാപം ആ രാജ്യത്തിന്റെ മണ്ണിൽ ദൈവകോപത്തിന്റെ വിത്തായി പരിണമിച്ചിരിക്കുന്നു. അതേ ദൈവനിയുക്തന്റെ സമാധാനകാംക്ഷികളായ അനുചരരെ നിരന്തരം ക്രൂശിക്കുമ്പോൾ പാക്കിസ്ഥാനിൽ അരാജകത്വം അവസാനിക്കില്ല.

കൊലപാതകങ്ങളും, പട്ടാള അട്ടിമറികളും ഇനിയും വന്നേക്കാം. ബേനസീറിന്റെ ശ്രേണിയിൽ പുതിയ രക്തസാക്ഷിത്വം ആവശ്യമായിത്തീർന്നേക്കാം. രാഷ്ട്രം എന്ന നിലയിൽ അപകടത്തിന്റെ വഴി പാക്കിസ്ഥാനു മുന്നിൽ തുറന്നുകിടക്കുന്നു. ഈ ആപത്സന്ധിയിൽ പാക്ക്ജനത തിരിച്ചറിവ് നേടുന്നില്ലെങ്കിൽ അപകടം വർദ്ധിക്കുകയാണ്. മുസ്ലിം ജനസാമാന്യത്തിന്റെ ചരട് അപക്വമതികളായ നേതാക്കൾ കൈയിലേന്തുമ്പോൾ ബേനസീറുമാർ ഇനിയുമുണ്ടാകും. വേട്ടയാടുന്നവരും ഇരകളും അവഗണിക്കാൻ ശ്രമിക്കുന്നത് മനുഷ്യന്റെ ഹിതമല്ല. മറിച്ച്, ദൈവിക സത്യപ്രമാണമാണ്. ദൈവത്തിന്റെ വഴി, എന്നാണാവോ പാക്ക്ജനത തിരഞ്ഞെടുക്കുന്നത്?

# ദൈവം തിരഞ്ഞെടുക്കുന്ന ഖലീഫ

*അബു അയ്മൻ*

**ബാ**ഹ്യമായി കുറച്ചു മനുഷ്യർ ചേർന്നു തിരഞ്ഞെടുക്കുന്ന ഒരാൾ ദൈവം തിരഞ്ഞെടുക്കുന്ന ഖലീഫ തന്നെയാണോ എന്ന ഒരു സംശയം വിശ്വാസികളോടാണ് ഉന്നയിക്കപ്പെട്ടതെങ്കിൽ പെട്ടെന്ന് തൃപ്തിപ്പെടുത്തുന്ന രീതിയിലുള്ള തത്വപരമായ ഒരു വിശദീകരണത്തേക്കാളുപരി അവരുടെ ഹൃദയത്തിൽ ഓടിയെത്തുക അവർ ദർശിച്ചുപോരുന്ന ഖിലാഫത്തിനനുകൂലമായുള്ള അളവറ്റ ദൃഷ്ടാന്തങ്ങളും ഖിലാഫത്തിന്റെ തണലിൽ അവർ നുകർന്നു വരുന്ന അതിരില്ലാത്ത അനുഗ്രഹങ്ങളും തന്നെ. ഇതിന്റെ പിന്നിൽ പ്രവർത്തിച്ചത് ദൈവകരങ്ങൾ തന്നെയാണ് എന്നതിനു മതിയായ തെളിവാണെന്നുള്ള മറുപടിയായിരിക്കും. മനുഷ്യന്റെ ഹൃദയം ഓരോ നിമിഷത്തിലും ദൃഷ്ടാന്തങ്ങൾ ദർശിക്കാൻ കൊതിച്ചുകൊണ്ടിരിക്കുന്നതാണെന്ന് ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളിയിട്ടുണ്ട്. യഥാർത്ഥത്തിൽ അങ്ങയുടെ ജീവിതത്തിൽ ജനനം മുതൽ മരണംവരെ അവതന്നെയാണ് പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നതും. തത്വപരമായ വിശദീകരണങ്ങളും തെളിവുകളും അങ്ങയുടെ സത്യസാക്ഷ്യത്തിനു മതിയാവോളം ഉണ്ടായിരുന്നെങ്കിലും ജനങ്ങളെ അദ്ദേഹം കൂടുതലും ക്ഷണിച്ചത് ഓരോ നിമിഷത്തിലും പ്രത്യക്ഷമാകുന്ന അല്ലാഹുവിന്റെ ദിവ്യദൃഷ്ടാന്തങ്ങൾക്ക് ദൃക്സാക്ഷികളാകുന്നതിന് എന്നോടൊപ്പം വന്നു ചേർന്നാലും എന്നായിരുന്നു. ജനങ്ങളുടെ ഹൃദയങ്ങളെ സത്യത്തിലേക്ക് ആനയിക്കുന്നതിന് എക്കാലവും ദിവ്യദൃഷ്ടാന്തങ്ങൾ തന്നെയാണ് ഏറിയപങ്കും വഹിച്ചുപോന്നിട്ടുള്ളത്. ഇസ്ലാമിന്റെ ഏറ്റവും ആദ്യത്തെ വിശ്വാസിയും ഒന്നാം ഖലീഫയുമായിരുന്ന ഹദ്റത്ത് അബൂബക്കർ(റ)നോട് നബികരീം(സ) തത്വം വിശദീകരിക്കാൻ ഒരുങ്ങിയപ്പോൾ എനിക്ക് ഒരു തത്വവും കേൾക്കേണ്ട അങ്ങ് വാദിച്ചിട്ടുണ്ടോ എന്നേ അറിയേണ്ടതുള്ളൂ എന്നായിരുന്നു അദ്ദേഹം മറുപടി നൽകിയത്. അതിനു കാരണം അവിടുന്ന് ആ മഹാനായ പ്രവാചകൻ(സ)യിൽ ആദ്യം തൊട്ടേ ദിവ്യദൃഷ്ടാന്തങ്ങൾ ദർശിച്ചുപോരുന്നുണ്ടായിരുന്നു എന്നതാണ്. അതായിരുന്നു ഏറ്റവും ആദ്യത്തെ ആ വിശ്വാസിയുടെ മാതൃക. ഒരിക്കൽ ആരിൽനിന്നോ ആ ലോലഹൃദയത്തിന് വിഷമം നേരിട്ടെന്ന് തിരുനബി(സ) അറിഞ്ഞപ്പോൾ അവിടുന്ന് അരുളി. അല്ലയോ ലോകരെ അല്ലാഹു എന്നെ നിങ്ങളുടെ അടുക്കൽ നിയോഗിതനായി അയച്ചപ്പോൾ നിങ്ങൾ പറഞ്ഞു കള്ളവാദിയാണ്. എന്നാൽ അബൂബക്കർ പറഞ്ഞു സത്യവാനാണ്. അദ്ദേഹം തന്റെ ജീവൻ കൊണ്ടും ധനം കൊണ്ടും എന്നും എന്നെ സഹായിച്ചുകൊണ്ടിരുന്നു. നിങ്ങൾ എനിക്കു വേണ്ടി അദ്ദേഹത്തെ വെറുതെ വിടുകയില്ലേ? (സഹീഹ് ബുഖാരി).

ഖിലാഫത്തിന്റെ സത്യതയിലേക്കായി ദൃഷ്ടാന്തങ്ങൾ സ്വന്തം അനുഭവങ്ങളിലൂടെ തന്നെ ഏറെയും അറിഞ്ഞുകൊണ്ടിരിക്കുന്ന നമ്മുടെ സഹോദരന്മാരുടെ സമക്ഷത്തിലേക്ക് ഈ വിഷയത്തെ ആസ്പദമാക്കി നമ്മുടെ സാഹിത്യങ്ങളിലും ചരിത്ര പാഠങ്ങളിലും ദർശിച്ച ചില തത്വപരമായ എളിയ വിശദീകരണങ്ങളാണ് ഇവിടെ കുറിക്കാൻ ആഗ്രഹിക്കുന്നത്.

ദൈവത്തിന്റെ എല്ലാ നടപടിക്രമങ്ങളും ഗഹനമേറിയ തത്വങ്ങൾക്കും നിയമങ്ങൾക്കും വിധേയമായിട്ടുള്ളവയാണെങ്കിൽ യാതൊരു സംശയവുമില്ല. വിശുദ്ധഖുർആനിൽ അല്ലാഹു മനുഷ്യർക്കായി രണ്ടുതരം ഖിലാഫത്തിനെ കുറിച്ചാണ് വിവരം നൽകിയിരിക്കുന്നത്. ഒന്നാമത്തേത് തന്റെ സ്വന്തം പ്രതിനിധിയെ അതായത് പ്രവാചകനെ ഭൂമിയിൽ നിശ്ചയിക്കുന്നു. ആദ്യത്തെ പ്രവാചകനായ ആദമിനെ കുറിച്ച് ഞാൻ ഭൂമിയിൽ ഖലീഫയാക്കാൻ പോകുന്നു എന്നു പറയപ്പെട്ടതനുസരിച്ച് പ്രവാചകന്മാർ അല്ലാഹുവിന്റെ ഖലീഫമാരാണെന്ന് നമുക്ക് മനസ്സിലാക്കാം. രണ്ടാമത്തേത് സൂറത്തുന്നൂറിൽ വാഗ്ദാനം ചെയ്തിട്ടുള്ള ഖിലാഫത്താണ്. അതായത് തന്റെ സ്വന്തം പ്രതിനിധി ഭൂമിയിൽ സത്യവിശ്വാസവും സൽക്കർമ്മവും നിലനാട്ടിയപ്പോൾ അതിനെ മുറുകെപിടിക്കുന്നവർക്കു വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള ഖിലാഫത്ത്. ഈ രണ്ട് ഖിലാഫത്തിന്റേയും സ്ഥാപനത്തിന്റെ കടിഞ്ഞാൺ തന്റെ കൈയിലാണെന്ന് അല്ലാഹു വിശുദ്ധഖുർആനിലൂടെ പ്രസ്താവിക്കുന്നു. പ്രവാചകത്വമാകുന്ന ആദ്യം പറഞ്ഞ ഖിലാഫത്തിന്റെ എല്ലാ പടവുകളെ കുറിച്ചും അനേകം ഉദാഹരണങ്ങൾ സഹിതം വിശുദ്ധഖുർആനിൽ വിവരിച്ചിട്ടുള്ളതായി നമുക്ക് കാണാൻ സാധിക്കുമെങ്കിലും രണ്ടാമത് പറഞ്ഞ ഖിലാഫത്ത് സത്യവിശ്വാസം കൈകൊള്ളുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവർക്കായി ഞാൻ നടപ്പിൽ വരുത്തും എന്ന വാഗ്ദാനത്തിലുപരി നിങ്ങൾ ഇന്ന രീതിയിൽ ഒരാളെ തിരഞ്ഞെടുക്കണമെന്നോ ഇത്രയാൾ ചേർന്നു തീരുമാനിക്കണമെന്നോ ഒന്നുംതന്നെ വ്യക്തമായി പറഞ്ഞിട്ടില്ല. അതിൽനിന്നും മനസ്സിലാകുന്നത് ബാഹ്യമായിട്ടുള്ള ഈ ചിട്ടകൾ തീരുമാനിക്കുവാനുള്ള അവകാശം വിശ്വാസികൾക്കു നൽകിയിരിക്കുന്നു എന്നാണ്. പക്ഷേ, അത് കേവലം ഒരു ബാഹ്യമായ ഒരു മാർഗ്ഗം മാത്രമായിരിക്കും എന്നാണ് അല്ലാഹുവിന്റെ വചനങ്ങളിലൂടെ വ്യക്തമാകുന്നത്. ഏതുപോലെ നബികരീം(സ) ബദ്ർ യുദ്ധവേളയിൽ ഒരു പിടി മണ്ണ് വാരിയെറിഞ്ഞതിനെ കുറിച്ച് അല്ലാഹു 'നീ അത് എറിഞ്ഞപ്പോൾ യഥാർത്ഥത്തിൽ നീയല്ല എറിഞ്ഞത് മറിച്ച് ഞാനാണ് എറിഞ്ഞത് എന്ന് പറയുകയുണ്ടായോ അതേപ്രകാരംതന്നെ ഖലീഫയേയും നിങ്ങൾ തിരഞ്ഞെടുക്കുമ്പോൾ നിങ്ങളല്ല തിരഞ്ഞെടുക്കുന്നത് മറിച്ച്, ഞാൻ തന്നെയാണ് തിരഞ്ഞെടുക്കുന്നത് എന്ന അല്ലാഹുവിന്റെ മൗനമായുള്ള ഒരു വചനം ഖിലാഫത്തിന്റെ തിരഞ്ഞെടുപ്പിനു മുമ്പും പിമ്പും പ്രത്യക്ഷപ്പെടുന്ന ദിവ്യദൃഷ്ടാന്തങ്ങളുടെ രൂപത്തിൽ ഏറ്റുപറയപ്പെടുന്നതായി സത്യവിശ്വാസികൾക്ക് ശ്രവിപ്പിക്കപ്പെടുന്നു. അപ്പോൾ ഖലീഫ എങ്ങനെ തിരഞ്ഞെടുക്കപ്പെടും അതിന്റെ രീതി എങ്ങനെയൊക്കെയായിരിക്കും എന്നുള്ളതിനേക്കാൾ ആരെങ്കിലും തിര

*(8-ാം പേജിൽ)*

## ഗ്രൗണ്ട് ഉദ്ഘാടനം



**ഐരാപുരം:** മജ്ലിസിന്റെ ചിരകാല സ്വപ്നമായിരുന്ന സ്പോർട്സ് ഗ്രൗണ്ട് യാഥാർത്ഥ്യമായി. 02.12.2007 ഞായർ, രാവിലെ 7 മണിക്ക് ബഹുമാന്യ എറണാകുളം മേഖലാ അമീർ ജനാബ് ബി.ബി. അഹ്മദ് കബീർ സാഹിബ് ഉദ്ഘാടനം നിർവ്വഹിച്ചു. ദുആക്കുശേഷം മൈതാന മധ്യത്തിൽ സജ്ജമാക്കിയിരുന്ന ഫുട്ബോൾ തട്ടിക്കൊണ്ടായിരുന്നു ചടങ്ങ് നിർവ്വഹിച്ചത്. ഉദ്ഘടനത്തിനുശേഷം മധുരപലഹാര വിതരണവുമുണ്ടായിരുന്നു.

ഐരാപുരം ജമാഅത്ത് പ്രസിഡന്റ് ജനാബ് കെ. മുഹമ്മദ് ഇബ്റാഹിം സാഹിബിന്റെ പരിപൂർണ്ണ പിന്തുണയോടെ മൗലവി മുഹിയുദ്ദീൻ സാഹിബിന്റെയും, ഖായിദ് കെ.എം. താഹിർ സാഹിബിന്റെയും നേതൃത്വത്തിൽ ഖാദിം-അത്ഫാൽ സഹോദരങ്ങളുടെ പരിശ്രമിത്തിലൂടെ ഖബ്ർസ്ഥാനിന് അരികിലെ കുണ്ടും, കുഴിയും നിറഞ്ഞപ്രദേശം മനോഹരമായ മൈതാനമായി മാറ്റുകയായിരുന്നു.

## അക്രമികൾ കീഴടങ്ങി

**മജലെൻക (ഇന്തോനേഷ്യ):** ഇന്തോനേഷ്യയിലെ അർഗാപുര ജില്ലയിലെ അഹ്മദിയ്യാ പള്ളിയും അഹ്മദികളുടെ ഭവനങ്ങളും നശിപ്പിച്ച കേസ്സിൽ 49 പേരടങ്ങുന്ന ഒരു സംഘം അക്രമികൾ പോലീസിന് കീഴടങ്ങി. ഇവരുടെ കീഴടങ്ങലിന് കളമൊരുക്കിയത് മജലെൻകയിലെ ഇന്തോനേഷ്യൻ ഉലമ കൗൺസിൽ (MUI) ആയിരുന്നു. അർഗാപുര ഗ്രാമത്തിന് ചുറ്റുപാടുമുള്ള ഗ്രാമങ്ങളിൽനിന്നുള്ളവരാണ് പ്രധാനമായും അഹ്മദികളെ ആക്രമിക്കാനെത്തിയത്. അക്രമികൾ കീഴടങ്ങാനെത്തുമ്പോൾ 400 ഓളം വരുന്ന ജനക്കൂട്ടം ബസ്സുകളിലും, മോട്ടോർ സൈക്കിളിലുമായി ഇവർക്ക് അകമ്പടി സേവിച്ചിരുന്നു.

അക്രമികൾ സ്വമേധയാ കീഴടങ്ങിയതാണെങ്കിലും അവർക്കെതിരെ ഇന്തോനേഷ്യൻ ശിക്ഷാ നിയമത്തിലെ ആർട്ടിക്കിൾ 170 അനുസരിച്ച് കേസെടുക്കുമെന്ന് പോലീസധികാരികൾ വ്യക്തമാക്കി. നാശനഷ്ടം വരുത്തിയതിനും, അക്രമത്തിനുമെതിരായതാണ് ഈ ആർട്ടിക്ക്ൾ. മജലെൻകയിലെ അക്രമത്തിനെതിരെ ഇന്തോനേഷ്യയിലെ നിഷ്പക്ഷ മാധ്യമങ്ങൾ കടുത്തഭാഷയിൽ പ്രതികരിച്ചിട്ടുണ്ട്. പ്രമുഖപത്രമായ ജക്കാർത്ത പോസ്റ്റ് അതിന്റെ മുഖപ്രസംഗത്തിൽതന്നെ അഹ്മദികൾ ഇന്തോനേഷ്യയിൽ നേരിടുന്ന അക്രമത്തെക്കുറിച്ച് പ്രതിപാദിച്ചിരുന്നു. കൂടാതെ ഇതര പത്രമാധ്യമങ്ങളും അഹ്മദിയ്യാ വിരുദ്ധ അക്രമങ്ങളെ അപലപിച്ചിട്ടുണ്ട്.

*ചരിത്രപഥം*

# ഒരു ചോരക്കുഞ്ഞിന്റെ മൃതദേഹം

1915 ആഗസ്റ്റ് മാസം കണ്ടത്തിൽ സൈദാരകത്ത് ഹസ്സൻ സാഹിബ്* എന്ന അഹ്മദീപ്രമുഖന്റെ പിഞ്ചു കുഞ്ഞ് മരിച്ചു. അഹ്മദികൾക്ക് കണ്ണൂരിൽ സ്വന്തമായി ഒരു ശ്മശാനമില്ലാത്ത കാലമായിരുന്നു അത്. ഹസ്സൻസാഹിബ് അഹ്മദിയാണെന്ന കാരണത്താൽ കുട്ടിയുടെ മൃതദേഹം മണപ്പുറത്തുള്ള ജുമുഅത്ത് പള്ളി ഖബർസ്ഥാനിൽ മറവ് ചെയ്യുവാൻ അറക്കൽ രാജസ്വരൂപം അനുവദിച്ചില്ല. അദ്ദേഹം അഹ്മദിയല്ലെന്ന് സമ്മതിച്ചാൽ അറക്കൽക്കാർക്ക് പ്രശ്നമൊന്നുമില്ലായിരുന്നു. പക്ഷേ, ഹസ്സൻ സാഹിബ് അഹ്മദിയ്യത്തിൽ നിന്ന് പിന്മാറുവാൻ കൂട്ടാക്കിയില്ല. അദ്ദേഹം കളത്തിൽ അബ്ദുൽഖാദിർ കോയസാഹിബ്, മാട്ടൂലകത്ത് അബ്ദുൽഖാദിർസാഹിബ് തുടങ്ങിയ അഹ്മദീ നേതാക്കളോടൊപ്പം അധികൃതരുടെ സഹായം തേടി.

ഖാൻ ബഹദൂർ ഒ.മമ്മിക്കുഞ്ഞി ഹാജിസാഹിബായിരുന്നു മുനിസിപ്പൽ ചെയർമാൻ. മയ്യിത്ത് മണപ്പുറത്തെ ഖബർസ്ഥാനിൽ വെക്കണമെന്നുള്ള കെ.എസ്. ഹസ്സൻസാഹിബിന്റെ ആവശ്യം അറക്കൽരാജാവ് അംഗീകരിക്കുകയില്ലെന്ന് മുനിസിപ്പൽചെയർമാൻ പറഞ്ഞു. എങ്കിൽ മൈതാനപ്പള്ളി ശ്മശാനത്തിലെങ്കിലും അനുവദിച്ചുതരണമെന്ന് കളത്തിൽഅബ്ദുൽ ഖാദിർകോയസാഹിബ് അപേക്ഷിച്ചു. മമ്മിക്കുഞ്ഞി ഹാജിസാഹിബ് ഈ അപേക്ഷ സന്തോഷപൂർവ്വം സ്വീകരിക്കുകയും, അറക്കൽരാജാവിനെക്കൊണ്ട് അത് സമ്മതിപ്പിക്കുകയും ചെയ്തു. പക്ഷേ, ഒരു ഉപാധിയോടുകൂടിയായിരുന്നു ഈ സമ്മതം. ഇതല്ലാതെ മേലിൽ ഒരു ഖാദിയാനിയുടേയും മയ്യിത്ത് അവിടെ മറവ് ചെയ്യാൻവിടുകയില്ലെന്ന നിബന്ധനയായിരുന്നു അത്. ഈ നിബന്ധനപ്രകാരം തീരുമാനമാകുമ്പോഴേക്കും ചോരക്കുഞ്ഞിന്റെ മൃതദേഹം മറവ് ചെയ്യാതെ ഒരു ദിവസം പിന്നിട്ടുകഴിഞ്ഞു.

അടുത്ത ദിവസം മുനിസിപ്പൽചെയർമാൻ, സർക്കിൾ ഇൻസ്പെക്ടർ, തഹസിൽദാർ, മജിസ്ട്രേറ്റ് തുടങ്ങിയ അധികൃതന്മാരെല്ലാം പോലീസ് അകമ്പടിയോടെ മൈതാനപ്പള്ളിയിലെ ശ്മശാനത്തിലെത്തി. ഈ കാഴ്ച കാണുവാനായി, കണ്ണൂർ നഗരത്തിൽ ബാക്കിയാരുമില്ലെന്ന് തോന്നിപ്പോകും വിധം വലിയ ഒരു ജനാവലി മൈതാനപ്പള്ളിയിലേക്ക് മാർച്ച് ചെയ്തിരുന്നു.

കുളിപ്പിച്ച് തുണിയിൽ പൊതിഞ്ഞ് ഒരു പിഞ്ഞാണത്തളികയിൽ കിടത്തിയ പിഞ്ചുപൈതലിന്റെ ജനാസയുമായി അഹ്മദികൾ ഖബർസ്ഥാനിലേക്ക് പുറപ്പെട്ടു. ശ്മശാനത്തിലെത്തിയപ്പോൾ അവിടെ അഞ്ഞൂറിൽപരം വിരോധികൾ അക്രമങ്ങൾ അഴിച്ചുവിടാൻ തയ്യാറെടുത്തു നില്ക്കുകയായിരുന്നു. പ്രമുഖരായ അധികൃതന്മാരെപോലും വിറപ്പിച്ചുകൊണ്ടാണ് ഈ വിരോധികൾ വിളയാടാൻ തുടങ്ങിയത്. ഖാൻബഹദൂർ ഒ.മമ്മിക്കുഞ്ഞി ഹാജി സാഹിബ് ഉൾപ്പെടെയുള്ള സമുന്നതരായ മേലുദ്യോഗസ്ഥന്മാർ അതുകണ്ട് പകച്ചുപോയി. മൃതദേഹം എടുത്തുകൊണ്ടുവന്ന ആൾ, അവിടെ തടിച്ചുകൂടിയ മല്ലന്മാരെക്കണ്ട് ഭയവിഹ്വലനായി മൈതാനത്തിന്റെ അറ്റത്തേക്ക് ഓടി. അവിടെ മൃതദേഹം ഒന്നു വെക്കുവാൻ ഭാവിക്കുമ്പോഴേക്കും ഒരു മല്ലനും അയാളുടെ കൂട്ടുകാരും അത് തടഞ്ഞു. അവിടെ വെക്കരുതെന്നും വേലിക്കുപുറത്ത് വെക്കണമെന്നുമായിരുന്നു അവരുടെ ശാഠ്യം.

അവരുടെ തർക്കം തീരുന്നതിനുമുമ്പേ മറ്റൊരു സംഘം ആളുകൾ അവിടെ എത്തിച്ചേർന്നു. ആദ്യത്തെ കൂട്ടരെക്കാൾ കാഠിന്യമുണ്ടായിരുന്നു അവരുടെ മനസ്സുകൾക്ക്. കണ്ണൂർനഗരത്തിൽതന്നെയുള്ള തറവാട്ടുകാരായ ചില ശത്രുവീരന്മാരായിരുന്നു ഈ സംഘത്തെ നയിച്ചിരുന്നത്.

“കാഫിറിനെ ആരാണ് പള്ളിസ്ഥലത്ത് വെക്കുന്നത്? ചെട്ടികളെ ചുടുന്ന ഭാഗത്തേക്ക് കൊണ്ടുപോ” അവർ ആക്രോശിച്ചു. ഒടുവിൽ ഖബർസ്ഥാനിൽ വേലിയുടെ അരികിലായി ഒരു ഒറ്റപ്പെട്ട സ്ഥലത്ത് കുഴിക്കാമെന്ന് തീരുമാനിച്ചു. അപ്പോഴേക്കും ഖബർ കുഴിക്കുവാൻ നേരത്തേ സമ്മതിച്ചുവന്ന ആളെ എതിരാളികളിൽപ്പെട്ട ചില കശ്മലന്മാർ തരിച്ചയച്ചുകഴിഞ്ഞിരുന്നു.

ഗത്യന്തരമില്ലാത്ത ഈ സാഹചര്യത്തിൽ മുനിസിപ്പൽ ചെയർമാൻ ഒ. മമ്മിക്കുഞ്ഞിഹാജിസാഹിബുതന്നെ തൂമ്പയെടുത്ത് കുഴിക്കാൻ തുടങ്ങി. അതുകണ്ട് അമ്മുതഹസിൽദാറും കുങ്കോട്ട് കയ്യിലെടുത്തു. മാന്യരായ ഈ മുസ്ലിം പൗരമുഖ്യന്മാരുടെ പ്രവൃത്തിയിൽ വിഷമംതോന്നിയ സിയാലിവീട്ടിൽ ഫൈസ്മുഹമ്മദുകുഞ്ഞി എന്ന ആൾ അവരോട് കുങ്കോട്ട് വാങ്ങി ഖബർ കുഴി പൂർത്തിയാക്കി. പക്ഷേ, ഈ വിധത്തിൽ അഹ്മദികളെ സഹായിക്കാൻചെന്ന ഒറ്റക്കാരണത്താൽ ഫൈസ് മുഹമ്മദുകുഞ്ഞി എന്ന യുവാവിന് ഒരു ശത്രുവീരന്റെ അടിയേറ്റു പിടയേണ്ടിവന്നുവെന്നുള്ളത് ഒരു ദുഃഖസത്യമാണ്.

മൃതദേഹം മറവുചെയ്തെങ്കിലും ഹാലിളകിയ ജനക്കൂട്ടം പിരിഞ്ഞുപോയിരുന്നില്ല. തിരമാലകൾ പോലെയാണ് ജനം ആർത്തലച്ചത്. ഈ സന്ദർഭത്തിൽ അഹ്മദികൾക്ക് സ്ഥലംവിടാൻ ഒരു മാർഗ്ഗവുമില്ലായിരുന്നു. സംഭവസ്ഥലത്ത് തങ്ങുന്നത് അതിലേറെ അപകടവുമായിരുന്നു. ഈ കെണിയിൽനിന്ന് രക്ഷപ്പെടുവാൻ, ‘പുതിയ പീടിക’ എന്ന കെട്ടിടത്തിന്റെ മാളികപ്പുറത്ത് തങ്ങൾക്ക് അഭയം നല്കണമെന്ന് അഹ്മദീനേതാവ് മാട്ടൂലകത്ത് അബ്ദുൽ ഖാദിർ സാഹിബ്, മമ്മിക്കുഞ്ഞിഹാജിസാഹിബിനോട് അപേക്ഷിച്ചു. മുനിസിപ്പൽ ചെയർമാൻകൂടിയായ ഹാജിസാഹിബ് ഉടനെ പോലീസ് സഹായത്തോടെ അഹ്മദികളെ കെട്ടിടത്തിന്റെ മുകൾ തട്ടിലെത്തിച്ചു. പിന്നീട് ജനം പിരിഞ്ഞു ലക്ഷ്യത്തിലെത്തുന്നതുവരെ, മണിക്കൂറുകളോളം വിശപ്പും ദാഹവും സഹിച്ച് അഹ്മദികൾക്ക് അവിടെ കഴിയേണ്ടിവന്നു.

* ഖാദിയാനിഹസ്സനിക്ക എന്നു വിളിക്കപ്പെട്ട കെ.എസ്. ഹസ്സൻസാഹിബ് കാംബസാറിലെ വ്യാപാരിയും അധികൃതന്മാർക്കിടയിൽപോലും സ്വാധീനമുള്ള വ്യക്തിയും ജമാഅത്തിന്റെ ഒരു അഭിമാനസ്തംഭവുമായിരുന്നു. അഹ്മദിയ്യത്ത് സ്വീകരിച്ചശേഷം അദ്ദേഹം, എം. കുഞ്ഞമ്മദുകുട്ടിസാഹിബിന്റെ മകൾ തോട്ടത്തിൽ അസ്മസാഹിബയെ വിവാഹം ചെയ്തു. 1940 ആഗസ്റ്റ് 9–ാം തിയതി കണ്ണൂരിൽവച്ച് അദ്ദേഹം നിര്യാതനായി. (അവലംബം: കേരള അഹ്മദിയ്യാ ചരിത്രത്തിന് ഒരാമുഖം – എ. അബ്ദുശ്ശക്കൂർ)

## ഖുദ്ദാമുൽ അഹ്മദിയ്യാ സംഘം!

*അബൂ ശഹീദഹ്മദ്, പഴയങ്ങാടി*

ഖുദ്ദാമുൽ അഹ്മദിയ്യാ സംഘം
ആഗോള യുവജനമൊരു വൃന്ദം
മുസ്ലിഹ് മൗഊദിൽ വിഭാവനം
സുശോഭനം ആ ദിവ്യമതം!

പുതുമകളേകുന്ന സുഗന്ധം
കടമകളേറുന്നു സന്തതം
ചുട്ട് നിണമോടുന്ന സ്പന്ദനം
ചുവടുകൾ തെറ്റാത്ത ചൈതന്യം!

മഹ്ദി ഇമാമിൻ ദിവ്യഗൃഹം
അതിലൊരു മതിലായി സുശക്തം
യൗവ്വനമേകുന്ന പ്രസാദം
പാവനമാണീ പേശീബലം!

അലസതയില്ലാത്ത സൽകർമ്മം
അല്ലാഹുവിൻ വഴിയിൽ സകലം
മാനം സമയം സമ്പാദ്യം
ജീവൻപോലും ബലിദാനം!

ധമനികൾക്കൂർജ്ജമടിസ്ഥാനം
കലിമത്തയ്യിബതൻ വചനം
ആരാധ്യൻ അല്ലാഹുമാത്രം
മുഹമ്മദ് തിരുദൂതൻ സാക്ഷ്യം!

ചിന്തകളില്ലിവരിൽ വ്യർത്ഥം
സ്വന്തമതില്ലിവരിൽ സ്വാർത്ഥം
അഹ്മദിയ്യാ യുവജനവൃന്ദം
സൽമജ്ലിസ്സിനുദാഹരണം!

അറിവിൽ അഹന്തതൻ വദനം
നിറങ്ങൾ തമ്മിൽ വിവേചനം
ധനികർ ദരിദ്രരിൽ അകലം
നിർമ്മാർജ്ജനം ഈ സമുദായം!

സത്യാത്മാക്കളുടെ സമൂഹം
സമത്വ സൗഹാർദ്ദം ഭാവം
നിലനിർത്തും മുഴുവൻ സമയം
ദീനിസ്ലാമിൻ സൗന്ദര്യം!

സത്യമസീഹിന്റെ ദൗത്യം
മർത്ത്യരിൽ സ്വർഗ്ഗീയ സന്ദേശം
ത്യാഗം തബ്ലീഗിൻ സമയം
ജിഹാദ് സൗഹൃദ സന്നാഹം!

മനതാരുകൾ വിനയവികാരം
മാനവരിൽ സേവന ഹൃദയം
ബന്ധുജനം അന്യർ സമൂഹം
അന്തരമില്ലാ വിചിന്തനം!

നാടുകൾ നഗരങ്ങൾ ലക്ഷ്യം
ആതുരശുശ്രൂഷകൾ സദനം
ശുചിത്വകർമ്മത്തിൽ നിരതം
ഖാദിമിനില്ലഭിമാനക്ഷതം!

ചിന്തകൾ നോമ്പ് നമസ്കാരം
ചന്ദ സക്കാത്ത് ദാന ധർമ്മം
നഫല് തഹജ്ജുദ് നിർവഹണം
ഇസ്ലാം തുടരും മുഴുനിയമം!

തൻലീം തർബിയ്യത്ത് രംഗം
നന്മകൾ വീശും സങ്കേതം
ഖുദ്ദാമുൽ അഹ്മദിയ്യ സംഗമം
ഹുസ്നുബയാൻ ആത്മീയതീരം!

ഖുർആൻ ആയാത്താരംഭം
നബിവചനങ്ങൾ അനന്തരം
മസീഹ് മൗഊദിന്റെ ലേഖനം
ലായേ അമലിന്നു നിദാനം!

പുണ്യഖാദിയാനിലാണാദ്യം
ഇന്ന് കോണുകളിൽ മുഴുലോകം
ഏറുന്നു ശാന്തി സമാധാനം
റൂഹുകൾക്കെന്നും ആനന്ദം!

ദുർമോഹങ്ങളകന്ന മനം
ദൈവിക കൃപയിൽ സംയമനം
സത്യമധിഷ്ഠിത മുഴുകർമ്മം
മോക്ഷകവാടത്തിലർപ്പണം!

സൽകർമ്മനിരതം ആധിക്യം
സന്ദർഭം ഫക്കീറിന്നും പുണ്യം
ദുഷ്കർമ്മ നിർഭരമാജീവിതം
നിശ്ചയം കബീന്നും പാപം!

അനശ്വരമാണാഖിർ ലോകം
നശ്വരം ദുർയാവിൽ അഖിലം
സർവ്വാധിനാഥനിലനുസരണം
അതിലാശ്വാസം സുനിശ്ചിതം!

ദൈവികദൂതർ പാരമ്പര്യം
മഹ്ദി ഇമാമിൻ അവതാരം
അഹ്മദിയ്യാ സൽപ്രസ്ഥാനം
ഇഹപര നന്മകൾക്കാധാരം!

## മരിച്ചയാൾക്കെതിരെ കേസ്

**ജാംപൂർ (പാക്കിസ്ഥാൻ):** പാക്കിസ്ഥാനിലെ രാജൻപൂർ ജില്ലയിലെ ജാംപൂർ എന്ന സ്ഥലത്ത് പോലീസ് വിചിത്രമായ ഒരു കേസ് രജിസ്റ്റർ ചെയ്തുകൊണ്ട് ചരിത്രം കുറിച്ചു. തദ്ദേശവാസിയായിരുന്ന ഡോ. മുംതാസ് അലിക്കെതിരായിരുന്നു കേസ്. അഹ്മദിയായ ഡോ. അലി ജമാഅത്തിന്റെ ദിനപത്രമായ അൽഫസൽ കൈവശംവച്ചുവെന്നതാണ് കേസിനാധാരമായ കുറ്റം. എന്നാൽ ഇതിലേറെ രസകരമായത് ഡോ. മുംതാസ് അലി ഏറെക്കുറെ മൂന്നുമാസങ്ങൾക്കു മുമ്പേതന്നെ മരിച്ചുപോയിരുന്നുവെന്നതാണ്. മരിച്ചയാൾക്കെതിരെ കേസെടുക്കാനുള്ള വകുപ്പ് പാക്ക് ഭരണഘടനയിലുണ്ടോ എന്നതാണ് നിഷ്പക്ഷമതികളുടെ പരിഹാസം.

## മൗ. ഉമർ സാഹിബിന് സ്വീകരണവും തർബിയ്യത്ത് യോഗവും

കേന്ദ്ര നാസിർ ഇസ്ലാഹോ ഇർശാദ് ആയി നിയമിതനായ മൗലാനാ മുഹമ്മദ് ഉമർ സാഹിബിന് 2008 ജനുവരി 27 ഞായറാഴ്ച ഉച്ചതിരിഞ്ഞ് 3 മണിക്ക് കണ്ണൂർ ടൗൺ പള്ളിയിൽ സ്വീകരണം നൽകപ്പെടുന്നതാണ്. പ്രസ്തുത സ്വീകരണത്തിലും, തുടർന്ന് നടക്കുന്ന തർബിയത്ത് യോഗത്തിലും പങ്കെടുക്കുന്നതിന് കണ്ണൂർ മേഖലയിലെ മുഴുവൻ സഹോദരീ സഹോദരന്മാരും പങ്കെടുക്കണമെന്ന് കണ്ണൂർ മേഖലാ അമീർ അറിയിച്ചു.

## പര്യടനം തുടങ്ങി

**എറണാകുളം:** സൗത്ത് കേരള ഖുദ്ദാമുൽ അഹ്മദിയ്യായുടെ കീഴിൽ വരുന്ന മജ്ലിസുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും നവോന്മേഷം പകരുന്നതിനുമായി സൗത്ത് ഇലാഖാ ഖാഇദ് ഇ.എച്ച്. നജീബ് സാഹിബ് മജ്ലിസുകളിൽ പര്യടനം തുടങ്ങി. ആലപ്പുഴ, ഐരാപുരം തുടങ്ങിയ മജ്ലിസുകൾ സന്ദർശിച്ച ഖാഇദ് സാഹിബ് അവിടെ നടന്ന യോഗങ്ങളിൽ പ്രഭാഷണം നടത്തി. തബ്ലീഗ് രംഗത്തും സൃഷ്ടിസേവനരംഗത്തും യുവാക്കൾ കൂടുതൽ ശ്രദ്ധ പതിപ്പിക്കണമെന്നും ഇക്കാര്യത്തിൽ ഖാഇദുമാർ മുൻകയ്യെടുക്കണമെന്നും എല്ലാ ഖാഇദുമാർക്കുമായുള്ള സന്ദേശത്തിൽ അദ്ദേഹം അഭ്യർത്ഥിച്ചു.

## തർബിയ്യത്ത് യോഗം നടത്തി

**കൊടുങ്ങല്ലൂർ, 16.12.07:** ഖിലാഫത്ത് ജൂബിലിയോടനുബന്ധിച്ച് തർബിയ്യത്ത് യോഗം നടത്തി. പ്രസിഡന്റ് സൈനുദ്ദീൻ സാഹിബിന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ ഷിനീർ സാഹിബ് ഖുർആൻ പാരായണം ചെയ്തു. അബ്റാർ അഹ്മദ് സാഹിബ് പദ്യം ചൊല്ലി. മൗലവി മുഹമ്മദ് സലീം സാഹിബ്, ‘ഖിലാഫത്ത് ജൂബിലിയും നമ്മുടെ കർത്തവ്യങ്ങളും’ എന്ന വിഷയത്തെ ആസ്പദമാക്കി ആവേശഭരിതമായ പ്രഭാഷണം നടത്തി.

## ഖുർആൻ

"നിങ്ങളെല്ലാവരും ഒത്തുചേർന്ന് അല്ലാഹുവിന്റെ പാശത്തെ മുറുകെപിടിക്കുക. നിങ്ങൾ ഭിന്നിക്കരുത്. നിങ്ങൾ പരസ്പരം ശത്രുക്കളായിരുന്നപ്പോൾ അല്ലാഹു നിങ്ങൾക്ക് ചെയ്തുതന്ന അനുഗ്രഹം സ്മരിക്കുക. അങ്ങനെ അവൻ നിങ്ങളുടെ ഹൃദയങ്ങളെ അന്യോന്യം ഇണക്കി. അതിന്റെ ഫലമായി അവന്റെ അനുഗ്രഹത്താൽ നിങ്ങൾ സഹോദരങ്ങളായിത്തീർന്നു. നിങ്ങൾ ഒരു അഗ്നികുണ്ഡത്തിന്റെ വക്കിലായിരുന്നു. എന്നിട്ട് അതിൽനിന്ന് അവൻ നിങ്ങളെ രക്ഷിച്ചു. ഇങ്ങനെ അല്ലാഹു തന്റെ കല്പനകൾ നിങ്ങൾക്ക് വിവരിച്ചുതന്നു. നിങ്ങൾ നേർമാർഗ്ഗം പ്രാപിക്കുന്നതിനുവേണ്ടി." (3: 104,105).

## നബിവചനം

"ദ്രോഹിക്കപ്പെട്ട ഒരുവന്റെ വിലാപത്തെത്തൊട്ട് സൂക്ഷിച്ചുകൊൾക. എന്തെന്നാൽ, അവൻ അല്ലാഹുവിനോട് അവന്റെ അവകാശത്തിന്നാണ് ചോദിക്കുന്നത്. അല്ലാഹു ആരുടേയും അവകാശം നിഷേധിക്കുന്നില്ല. ദ്രോഹിക്കപ്പെട്ട ഒരുവന്റെ നിലവിളിയെത്തൊട്ട് സ്വയം കാത്തുകൊൾവിൻ. അത് തീപ്പൊരിപോലെ ആകാശത്തേയ്ക്കുയരും."

## യുഗശബ്ദം



മുസ്‌ലിംകൾ ധരിച്ചുപോന്നിട്ടുള്ളതും ജനമദ്ധ്യേ അവതരിപ്പിക്കുന്നതുമായ തരത്തിലുള്ള ജിഹാദ് ഇസ്‌ലാമിൽ തീരെ അറിയപ്പെടാത്ത ഒന്നാണെന്ന് ഓർത്തുകൊള്ളേണ്ടതാണ്. അവർ വിവരിക്കുന്ന ജിഹാദ് അജ്ഞരായ ജനങ്ങളിൽ പ്രാകൃതവികാരങ്ങൾ ഇളക്കിവിടുന്നതിനും മനുഷ്യസമുദായത്തിന്റെ എല്ലാ സൽഗുണങ്ങളും തേച്ചുമാച്ചുകളയുന്നതിനും മാത്രം പ്രയോജനപ്പെടുന്ന ഒന്നാകുന്നു. നമ്മുടെ കാലത്തും ഇതുതന്നെയാണ് യഥാർത്ഥത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. പൂർവ്വകാലമുസ്‌ലിംകൾ വാളെടുക്കുന്നതിന് നിർബ്ബന്ധിതരായിത്തീർന്ന സാഹചര്യങ്ങളെക്കുറിച്ച് ഒട്ടും ബോധവാന്മാരല്ലാത്ത അജ്ഞരായ മതഭ്രാന്തന്മാർ നടത്തിയ ഹീനമായ മനുഷ്യക്കശാപ്പുകളിലെല്ലാം അത്തരം രക്തരൂഷിതമായ വിക്രിയകളിൽ പര്യവസാനിക്കുന്ന തത്ത്വങ്ങൾ ഉപദേശിച്ച മുല്ലമാരാണ് യഥാർത്ഥ കുറ്റവാളികളെന്ന് സംശയമെന്യേ മനസ്സിലാകുന്നതാണ്. ഞാൻ അതീവദുഃഖത്തോടുകൂടി ഇവിടെ പ്രസ്താവിക്കട്ടെ, ഇസ്‌ലാമിന്റെ യഥാർത്ഥമായ മഹത്ത്വങ്ങളെന്തെന്നറിയാതെ ജിഹാദിന്റെ വ്യത്യസ്തമായ പ്രത്യേകതകളിന്മേലും പ്രാധാന്യങ്ങളിന്മേലും തിരശ്ശീല വീഴ്ത്തിക്കൊണ്ട് ഇതിന്റെ പേരിൽ നിരപരാധികളായ മനുഷ്യരെ കൊന്നൊടുക്കുകയും കൊള്ളയടിക്കുകയും ചെയ്യാൻ ജനങ്ങളെ പഠിപ്പിച്ചുപോന്നിട്ടുള്ള മുല്ലമാരാണ് ഒരുഭാഗത്ത് ഇക്കാര്യത്തിൽ കുറ്റവാളികളെങ്കിൽ മറുഭാഗത്ത്, ഇത്തരത്തിൽ ഇസ്‌ലാമിനെ ചിത്രീകരിച്ചുപോന്നിട്ടുള്ള ക്രിസ്തീയമിഷനറിമാരും ആക്ഷേപാർഹരാകുന്നു. ഇസ്‌ലാം വാൾകൊണ്ട് പ്രചരിച്ച മതമാണെന്നും അതിന്റെ ഒന്നാമത്തെ പാഠംതന്നെ കൊലപാതകമാണെന്നും യാതൊരടിസ്ഥാനവുമില്ലാതെ വിവരിച്ചുകാട്ടിക്കൊണ്ട് ക്രിസ്തീയമിഷനറിമാർ ആയിരക്കണക്കിൽ ലഘുലേഖകളും നോട്ടീസുകളും ഉർദുഭാഷയിലും പുശ്ത്തുഭാഷയിലും മറ്റു ഭാഷകളിലും തയ്യാറാക്കി ഇന്ത്യയുടെ നാനാഭാഗങ്ങളിലും പ്രത്യേകിച്ച് പഞ്ചാബിലും അതിർത്തി സംസ്ഥാനത്തും വിതരണം ചെയ്യുകയുണ്ടായി. അറിവുകെട്ട ജനക്കൂട്ടത്തിന് ഇപ്രകാരം രണ്ടുതരത്തിലുള്ള സാക്ഷികളെ അതായത് മൗലവിമാരെയും ക്രിസ്തീയ പാതിരിമാരെയും ലഭിച്ച നിലയിൽ അവർ തങ്ങളുടെ മൃഗീയപ്രകൃതങ്ങൾ വെളിപ്പെടുത്തുന്നതിൽ കൂടുതൽ ആവേശഭരിതരായിത്തീർന്നു. കലാപങ്ങൾ അഴിച്ചുവിടുകയും രാജ്യത്തെ സമാധാനാന്തരീക്ഷത്തെ തകിടംമറിക്കുകയും ചെയ്യുന്നതരത്തിൽ അക്രമങ്ങൾക്ക് പ്രോത്സാഹനം നല്കുന്ന ഇത്തരം ആപൽക്കരങ്ങളായ കൃതിപ്പുകളും കറ്റുകെട്ടുകളും പ്രചരിപ്പിക്കുന്നതിൽനിന്ന് ക്രിസ്തീയമിഷനറിമാരെ സർക്കാർ തടയേണ്ടതു എത്രയും പ്രധാനമായ ഒരു കാര്യമാണെന്നു എനിക്ക് തോന്നുന്നു.

ജിഹാദിന്റെ മുഖംമൂടിയിൽ വിശ്വാസപരമായ അഭിപ്രായവ്യത്യാസങ്ങളെ മുൻനിർത്തി കൊല നടത്തുന്ന ഈ രീതിമുറ ഒരിക്കലും ഇസ്‌ലാമികജിഹാദ് അല്ലതന്നെ. നേരെമറിച്ച്, ഇത് സർവ്വാധിനാഥന്റേയും അവന്റെ തിരുദൂതരുടെയും കല്പനകൾക്ക് കടകവിരുദ്ധമായിട്ടുള്ളതും ശരീഅത്തിന്റെ ലംഘനവുമാകുന്നു.

നമുക്ക് യാതൊരു പരിചയവുമില്ലാത്ത, നമ്മുടെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ച് ബോധവാൻപോലുമല്ലാത്ത നിരപരാധിയായ ഒരാളെ വെടിവെച്ചുകൊല്ലുകയോ കുത്തിക്കൊല്ലുകയോ ചെയ്യുന്നത് ദൈവികമായ ഒരു കല്പനയായിരിക്കുന്നതെങ്ങനെ? യാതൊരു കുറ്റവും ചെയ്തിട്ടില്ലാത്ത, മതത്തിന്റെ തത്ത്വങ്ങളും പാഠങ്ങളും അതിന്റെ മഹത്വങ്ങളും എന്തെന്നറിഞ്ഞുകൂടാത്ത മനുഷ്യരെ കൊല്ലുവാൻ പഠിപ്പിക്കുകയും ഈ മനുഷത്വരഹിതമായ പ്രവൃത്തികളെ സ്വർഗ്ഗത്തിലേക്ക് നയിക്കുന്ന കൃത്യങ്ങളായി പരിഗണിക്കുകയും ചെയ്യുന്ന ഒരു മതം ദൈവത്തിൽ നിന്നുള്ളതായിരിക്കുന്നതെങ്ങനെ? നമ്മോട് ശത്രുത പുലർത്തുകയോ നമുക്ക് പരിചയം ഉണ്ടായിരിക്കയോ ചെയ്യാത്ത നിരപരാധികയായ ഒരു മനുഷ്യനെ അയാൾ തന്റെ കുട്ടികൾക്കായി ഷോപ്പിൽനിന്ന് എന്തോ സാധനങ്ങൾ വാങ്ങുന്നതിൽ ഏർപ്പെട്ടിരിക്കയോ തന്റേതായ മറ്റേതെങ്കിലും തൊഴിലിൽ വ്യാപൃതനായിരിക്കുകയോ ചെയ്യുന്ന ഘട്ടത്തിൽ കൊല്ലുക എന്നത് എത്രമാത്രം ലജ്ജാവഹവും നീചവുമായ കൃത്യമാണെന്നാലോചിക്കുക! (ജിഹാദ്)

**വിവിധ മുസ്‌ലിം വിഭാഗങ്ങൾ–1**

# ദാവൂദിബോറകൾ

*ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നമ്മെപ്പോലെതന്നെ കേന്ദ്രീകൃത സംഘടനയായി ജീവിക്കുന്ന ഒത്തിരി മുസ്‌ലിം വിഭാഗങ്ങളുണ്ട്. ഇവരൊക്കെയും അവകാശപ്പെടുന്നത് തങ്ങളാണ് സ്വർഗ്ഗത്തിന്റെ നേരവകാശികൾ എന്നാണ്. വിചിത്രമാണ് ഇക്കൂട്ടത്തിൽ പലരുടെയും അവകാശവാദങ്ങൾ. അതേസമയം ഇവരുന്നയിക്കുന്ന വാദങ്ങളുടെ വൈരുദ്ധ്യങ്ങൾ ചിന്തിപ്പിക്കുന്നുമുണ്ട്. ഇത്തരത്തിലുള്ള ചില മുസ്‌ലിം വിഭാഗങ്ങളുമായി താരതമ്യം ചെയ്യുമ്പോഴാണ് അഹ്മദിയ്യത്തിന്റെ ദൈവികത നമ്മെ അമ്പരപ്പിക്കുന്ന രീതിയിൽ വലയം ചെയ്യുന്നത്. വിവിധ മുസ്‌ലിം വിഭാഗങ്ങളെ പരിചയപ്പെടുത്തുന്ന ഒരു പംക്തി ഇനി അൽഹഖിൽ തുടർന്നു വായിക്കാം.*

### ദാവൂദിബോറകൾ

ദാവൂദിബോറകളുടെ ചരിത്രം 1029 മുതൽ 1094 വരെ അധികാരത്തിലിരുന്ന ഫാത്തിമി ഖലീഫ ഇമാം അൽ മുതനാസ്സിറിന്റെ കാലവുമായി ബന്ധപ്പെട്ടതാണ്. ഈ സമയം ശിയാ വിഭാഗം മുസ്‌ലിംകൾ ഇസ്മായിലികളും, ത്വൽവികളും സയ്യിദികളുമായി വേർപിരിഞ്ഞു കഴിഞ്ഞിരുന്നു. ഇക്കൂട്ടത്തിൽ ഇസ്മായിലി ശിയാക്കൾ പ്രധാനമായും നിസാറികളെന്നും, മുസ്താലികളെന്നും രണ്ടു വിഭാഗമായി വിഭജിക്കപ്പെട്ടു. പിൽ ക്കാലത്ത് ഇദ്ദേഹത്തെ പിന്തുടർന്നവർ പല വിഭാഗങ്ങളായി വിഭജിച്ചുപോയി. ഇക്കൂട്ടത്തിൽ ദാവൂദിബോറകൾ, സുലൈമാനിബോറകൾ, അലിയാ ബോറകൾ തുടങ്ങി ഒട്ടനവധി ഉപവിഭാഗങ്ങളുണ്ട്. ഇക്കൂട്ടത്തിൽ പരിഗണനാർഹമായ സംഘടനാശേഷിയും, സാമ്പത്തികശേഷിയുമുള്ളത് ദാവൂദി ബോറമാർക്കാണ്. പന്നീട് വന്ന ഫാത്തിമി ഇമാം ത്വയ്യിബ് അബിഅൽ കാസിം യെമൻ റാണിയായിരുന്ന മല്ലിക ഹുറയായാൽ നിയുക്തായ ദായി അൽ മുൽത്തഖ് ആയി മാറി. ഇക്കാലത്ത് ഇന്ത്യയിൽ ഹിന്ദുമതത്തിൽനിന്ന് പരിവർത്തനം ചെയ്യപ്പെട്ട ഇസ്മായിലി ശിയാക്കളെയാണ് ബോറകൾ എന്നു വിളിക്കുന്നത്.

ബോറ എന്ന വാക്ക് വരുന്നത് വ്യവഹാർ (വ്യാപാരം) എന്ന ഗുജറാത്തി പദത്തിൽനിന്നാണ്.

യെമനിൽ അവരോധിക്കപ്പെട്ട ദായിമുൽതഖിന്റെ പിന്തുടർച്ചാവകാശിയാണ് ദാവൂദിബോറകളുടെ ആത്മീയ നേതാവ്. ഇപ്പോഴുള്ളത് 52–ാമത്തെ ആത്മീയനേതാവാണ്. ബോറകൾ അവരുടെ ആത്മീയനേതാവിനെ 'ദായി' എന്നാണ് അഭിസംബോധന ചെയ്യുന്നത്. തന്റെ പിതാവിന്റെ പിന്തുടർച്ചാവകാശിയായി ദായിസ്ഥാനം നേടിയ ഡോക്ടർ സയ്യദ് മുഹമ്മദ് ബുർഹാനുദ്ദീൻ ആണ് ഇപ്പോഴത്തെ ആത്മീയനേതാവ്. ആദ്യകാലത്ത് യെമനിലായിരുന്ന ദാവൂദി ബോറകളുടെ ആസ്ഥാനം പിന്നീട് ഇന്ത്യയിൽ, ബോംബെയിലേക്ക് മാറ്റി സ്ഥാപിക്കുകയായിരുന്നു. 82 കാരനായ ബുർഹാനുദ്ദീൻ തന്റെ വാർദ്ധക്യത്തിൽ ദാവൂദി ബോറകളുടെ സമൂഹത്തെ നയിക്കുന്നത് വലിയ ആസ്തികളുടെ സഹായത്തോടെയാണ്.

ദാവൂദിബോറകൾ വസ്ത്രധാരണത്തിലും ഭാഷയിലും ഏകത്വം പുലർത്തുന്നു. പുരുഷന്മാർ തൊപ്പി ധരിക്കുകയും പൈജാമ–കുർത്ത വസ്ത്രധാരണരീതി തുടരുകയും ചെയ്യുമ്പോൾ സ്ത്രീകൾ പ്രത്യേക ശൈലിയിലുള്ള പർദ്ദയാണ് ധരിക്കുന്നത്. ഈ പർദ്ദ റിദ എന്നറിയപ്പെടുന്നു.

ദായി (ആത്മീയനേതാവ്) ആണ് ദാവൂദിബോറമാരുടെ സകല കാര്യങ്ങളുടെയും നിയന്ത്രണാധികാരി. ദായിയുടെ കീഴിലായി മദുൻ എന്നും മുകാസിർ എന്നും രണ്ടുപേരുണ്ട്. ദായിയെ ജമാഅത്തിന്റെ കാര്യങ്ങളിൽ ഇവർ സഹായിക്കുന്നു. ഇവരെ തുടർന്ന് ഷെയ്ക്ക്, മുല്ല, അഹിൽ എന്നിങ്ങനെ ഉദ്യോഗസ്ഥരുണ്ട്. ഇക്കൂട്ടത്തിൽ അഹിൽ എന്നത് പ്രാദേശിക മുബല്ലിഗ് ആണ്. ബോറകളുടെ ആത്മീയ വിദ്യാഭ്യാസ കേന്ദ്രമായ സൂറത്തിലെ ജമാഅത്ത് അൽ സഫിയായിൽനിന്ന് ബിരുദമെടുത്തവരാണ് അഹിൽ എന്ന പുരോഹിതർ. എല്ലാ ബോറാവിശ്വാസികളും വിശ്വാസപ്രതിജ്ഞ എടുത്തിരിക്കേണ്ടവരാണ്. ഈ പ്രതിജ്ഞ എല്ലാ വർഷവും ദുൽഹജ്ജ് 18–ാം തിയതി പുതുക്കേണ്ടതുമാണ്.

ഇസ്‌ലാമിൽ 7 അടിസ്ഥാന കാര്യങ്ങളുണ്ടെന്ന് ദാവൂദിബോറകൾ വിശ്വസിക്കുന്നു. മുഹറത്തിലെ ആദ്യ 10 ദിവസങ്ങളിൽ ഇക്കൂട്ടർ പ്രത്യേകമായി കണക്കാക്കുന്നുണ്ട്. ബോറകൾ ഉപയോഗിക്കുന്നത് അറബികലർന്ന ഗുജറാത്തിയാണ്. ഇതിനെ ലിസാൻ–അൽ ദഅവ എന്നു വിളിക്കുന്നു. അറബി ലിപിയിലാണ് ഇതെഴുതുന്നത്. ഫാത്തിമി കലണ്ടർ ഉപയോഗിച്ച് കാലക്രമം നിശ്ചയിക്കുന്ന ഇക്കൂട്ടർ സ്വതവേ സമ്പന്നരത്രെ. ബോറകളുടെ പള്ളികൾ അതുകൊണ്ടുതന്നെ തങ്ങളുടെ സമ്പത്തിന്റെ പ്രദർശന കേന്ദ്രങ്ങളാണ്. ഈജിപ്ത്, യെമൻ തുടങ്ങിയ രാജ്യങ്ങളിലെ ബോറാമസ്ജിദുകൾ സ്വർണ്ണമകുടങ്ങളാലും, മിനാരങ്ങളാലും പ്രശോഭിതമാണ്.

സക്കാത്തിന്റെ കാര്യ

*(ശേഷം 7–ാംപേജിൽ)*

# ഈദുൽ അസ്ഹാ ആഘോഷിച്ചു



**എറണാകുളം:** ഇക്കഴിഞ്ഞ ഈദുൽ ഫിത്വർ ദിനത്തെ പോലെ ഈദുൽ അസ്ഹിയ്യാ ദിനവും പാവങ്ങളോടൊപ്പം ചെലവഴിച്ചുകൊണ്ട് എറണാകുളം ജമാഅത്ത് വീണ്ടും സൃഷ്ടിസേവനരംഗത്ത് മാതൃകയായി. രാവിലെ പെരുന്നാൾ നമസ്കാരശേഷം ബലിയർപ്പിക്കപ്പെട്ട ആടുകളുടെ മാംസംകൊണ്ട് പള്ളിയിൽ വെച്ച് തയ്യാറാക്കിയ ആഹാരം അഹ്മദികൾ പള്ളുരുത്തി അഗതി മന്ദിരത്തിലെ മുന്നൂറോളം സാധുക്കൾക്ക് വിതരണം ചെയ്തു. കൊച്ചി കോർപ്പറേഷന്റെ അധീനതയിലുള്ള ഈ അഗതിമന്ദിരത്തിലെ അന്തേവാസികളുടെ സ്ഥിതി അങ്ങേയറ്റം പരിതാപകരമാണ്. സ്ത്രീകളും കുട്ടികളുമടങ്ങുന്ന അഹ്മദികളുടെ സംഘം അവരുടെ സുഖദുഃഖങ്ങളിൽ പങ്കുചേർന്നു. അഹ്മദിയ്യാ ജമാഅത്ത് ഇവിടെ തുടർച്ചയായി സഹായങ്ങൾ നല്കിവരുന്നുണ്ട്. സൗത്ത് കേരള ഖുദ്ദാമുൽ അഹ്മദിയ്യായുടെ നേതൃത്വത്തിൽ ഇവിടെ തുടർച്ചയായി മരുന്ന് വിതരണത്തിനുള്ള പരിപാടി തയ്യാറാക്കിയിട്ടുണ്ട്. സൗത്ത് ഇലാഖാ ഖാഇദ് ഇ.എച്ച്. നജീബ് സാഹിബ് ഇതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ തുടങ്ങിക്കഴിഞ്ഞു. അഗതിമന്ദിരത്തിലെ സന്ദർശനത്തിനു ശേഷം പള്ളിയിൽ മടങ്ങിയെത്തിയ അഹ്മദികൾ ജുമുഅ നമസ്കാരത്തിനു ശേഷം പള്ളിയിൽവച്ചുതന്നെ ഒരുമിച്ച് ഭക്ഷണം കഴിക്കുകയും പെരുന്നാൾ ദിനം മുഴുവൻ പള്ളിയിൽ ചെലവഴിക്കുകയും ചെയ്തു. എറണാകുളം മേഖലാഅമീർ ബി.ബി. അഹ്മദ് കബീർ സാഹിബ്, മൗലവി നാസിർ അഹ്മദ് സാഹിബ്, സൗത്ത് കേരള ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഖിദ്മത്തെ ഖൽഖ് സെക്രട്ടറി അക്ബർ സാഹിബ് (പള്ളുരുത്തി) തുടങ്ങിയവർ സൃഷ്ടിസേവന പരിപാടിക്ക് നേതൃത്വം നല്കി.

### ഖാഇദുമാരുടെ ശ്രദ്ധയ്ക്ക്

ഖുത്ബ മലയാള പരിഭാഷ വരുന്ന ജനുവരി മുതൽ വ്യക്തിഗതമായി അയക്കുന്നതല്ല. ഓരോ മജ്‌ലിസിലേയും ഖാഇദുമാർ തങ്ങളുടെ മജ്‌ലിസിൽ എത്ര കോപ്പി വേണമെന്ന് ജില്ലാ ഖാഇദുമാരെ എത്രയും പെട്ടെന്ന് അറിയിക്കുക. വാർഷിക വരിസംഖ്യ 200 രൂപയാണ്. മുഴുവൻ ഖാഇദുമാരും കഴിയുന്നത്ര കോപ്പികൾ ചെലവഴിക്കാൻ ശ്രമിക്കേണ്ടതാണ്.

### അൽ–ഹഖ് പ്രചരണം ഊർജ്ജിതമാക്കുക

കണ്ണൂർ ഖുദ്ദാമുൽ അഹ്മദിയ്യായുടെ മുഖപത്രമായ അൽ–ഹഖിന്റെ പ്രചരണപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തണമെന്ന് നോർത്ത് കേരളാ ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഖാഇദ് പി. ശെഫി അഹ്മദ് സാഹിബ് അഭ്യർത്ഥിച്ചു. അൽ–ഹഖ് പ്രചരണ ദിവസത്തോടനുബന്ധിച്ച് നടത്തിയ പ്രസ്തവനയിലാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത് .

# മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സൗത്ത് കേരള മജ്‌ലിസെ – ആമില 2007 – 08

| | | | | |
|---|---|---|---|---|
| 1. | ഖാഇദ് | നജീബ് ഇ.എച്ച് | കാക്കനാട് | 9895765803 |
| 2. | നായിബ് ഖായിദ് | ശഹീദ് അഹ്മദ് | കരുനാഗപ്പള്ളി | 9895762764 |
| 3. | മുഅ്തമിദ് | മുഹമ്മദ് നജീബ് | എറണാകുളം | 9495763232 |
| 4. | അഡിഷണൽ മുഅ്തമിദ് | മുബാറക് അഹ്മദ് | കാക്കനാട് | 9446441535 |
| 5. | നാസിം തജ്നീദ് | ഇജാസ് അഹ്മദ് | എറണാകുളം | 9995117341 |
| 6. | നാസിം ഇശാഅത്ത് | എ.എസ്. നൗഷാദ് | പള്ളുരുത്തി | 9947834314 |
| 7. | നാസിം മാൽ | സിയാദ് റഹ്മാൻ | കാക്കനാട് | 9947472443 |
| 8. | നാസിം തർബിയ്യത്ത് | സഫർ അഹ്മദ് | കരുനാഗപ്പള്ളി | 9388305654 |
| 9. | അഡീ. തർബിയ്യത്ത് | ഇജാസ് അഹ്മദ് | എറണാകുളം | 9995117341 |
| 10. | നാസിം തബ്ലീഗ് | ഫസൽ അഹ്മദ് | കരുനാഗപ്പള്ളി | 9388305556 |
| 11. | അഡീ. തബ്ലീഗ് | നിശാൻ | കാക്കനാട് | 9846216022 |
| 12. | നാസിം തഅ്ലീം | മുഹമ്മദ് സഫ്‌വാൻ | കാക്കനാട് | 9946348395 |
| 13. | നാസിം ഖിദ്മത്തെ ഖൽഖ് | അക്ബർ | പള്ളുരുത്തി | 9349251994 |
| 14. | നാസിം അത്ഫാൽ | സനോജ് മുസ്‌ലിഹ് | കരുനാഗപ്പള്ളി | 9961465959 |
| 15. | നാസിം ഉമൂമി | മുഹമ്മദ് നജീബ് | എറണാകുളം | 9495763232 |
| 16. | നാസിം തഹ്‌രീകെ ജദീദ് | ഹിദായത്തുല്ലാഹ് | തിരുവനന്തപുരം | 9447067465 |
| 17. | നാസിം വഖാറെ അമൽ | സുധീർ | ആലപ്പുഴ | 9249738840 |
| 18. | നാസിം സൻഅതോ തിജാറത് | കബീർ | മാത്ര | 9895786799 |
| 19. | നാസിം സിഹ്ഹത്തെ ജിസ്മാനി | താഹിർ | ഐരാപുരം | 9995816489 |
| 20. | നാസിം ഉമൂറെ ത്വലബാഅ് | മൊയ്തീൻ ബാബു | കൊടുങ്ങല്ലൂർ | 9895710763 |
| 21. | മുഹാസിബ് | ജെ.എച്ച്. നവാസ് | കൊച്ചി | 9446608023 |
| 22. | നാസിം തർബിയ്യത്ത് നൗ മുബായിൻ | മുജീബ് | മൂവാറ്റുപുഴ | 04853202092 |
| 23. | ജില്ലാ ഖാഇദ് – തിരുവനന്തപുരം സോൺ | സഫർ അഹ്മദ് | കരുനാഗപ്പള്ളി | 9388305654 |
| 24. | ജില്ലാ ഖാഇദ് – എറണാകുളം സോൺ | മുഹമ്മദ് സഫ്‌വാൻ | കാക്കനാട് | 9946348395 |

# പാക്കിസ്ഥാൻ; ബേനസീറിനുശേഷം

അൽഹഖ് ന്യൂസ്ഡെസ്ക്

**ഇസ്‌ലാമാബാദ്:** ബേനസീറിന് ശേഷമുള്ള പാക്കിസ്ഥാൻ ആശങ്കയുണർത്തുന്ന ഒന്നാണ്. നിരന്തരമായ ക്രമസമാധാന ഭംഗത്തിന്റെയും അശാന്തിയുടെയും നടുവിൽ പാക്കിസ്ഥാൻ ഒരു രാഷ്ട്രമെന്ന നിലയിൽ പ്രതിസന്ധി ഘട്ടത്തിലാണിപ്പോൾ. ബേനസീറിന്റെ കൊലപാതകത്തിന്റെ ദുരൂഹത വർദ്ധിച്ചിരിക്കുന്നുവെന്നത് ഈ സമയത്തിന്റെ പ്രത്യേകതയാണ്. ഭൂട്ടോ കുടുംബത്തിലെ പലരുടെയുമെന്നപോലെ ബേനസീറിന്റെയും മരണം നിഗൂഢമായ പശ്ചാത്തലത്തിലാണ് സംഭവിക്കുന്നത്.



ബേനസീറിന്റെ മരണത്തെത്തുടർന്ന് നേരത്തെ നടത്താനിരുന്ന ഇലക്ഷൻ നീട്ടിവച്ചിട്ടുണ്ട്. ഇതിന് പക്ഷേ രാജ്യത്ത് നിലവിലിരിക്കുന്ന അശാന്തിയുമായി ബന്ധമൊന്നുമില്ല. പി.പി.പിയുടെ ഏറെകുറെ ഉറപ്പായ ഇലക്ഷൻ വിജയത്തെ നീട്ടിവെക്കലാണ് പ്രാഥമികമായ ഉന്നം. ഈ സാഹചര്യത്തിൽ പ്രസിഡണ്ട് പർവേസ് മുഷറഫിന്റെ നില കൂടുതൽ പ്രതിരോധാത്മകമായി മാറുന്നു. ബേനസീറിന്റെ വധത്തിന് പിറകിൽ ആരായാലും ചൂണ്ടപ്പെടുന്ന വിരലുകളിൽ പലതും മുഷറഫിന്നെതിരാണ്. എന്നാൽ, ബേനസീർ വധത്തെക്കുറിച്ചുള്ള അന്വേഷണം സ്കോട്ട്ലാന്റ് യാർഡിനെ ഏല്പിച്ചുകൊണ്ട് മുഷറഫ് വീണ്ടും കരുക്കൾ നീക്കിത്തുടങ്ങിയിട്ടുണ്ട്. ഏറെ വിചിത്രമെന്ന് പറയുന്നത് ഈ അന്വേഷണത്തെ പി.പി.പി. സ്വാഗതം ചെയ്തതാണ്. പി.വി.പിയെ സംബന്ധിച്ചിടത്തോളം ബേനസീറിന്റെ പെട്ടെന്നുള്ള തിരോധാനം വല്ലാതെ ബാധിച്ചിട്ടുണ്ട്. കാരണം രണ്ടാംനിര നേതാക്കൾ ഇനി ബാധ്യതപ്പെടുന്നത് ബേനസീറിന്റെ ഭർത്താവ് ആസിഫ് അലി സർദാരിയോടാണ്.

സർദാരിയുടെ നീക്കങ്ങളിലും ദുരൂഹത ഏറെക്കാണാം. അധാർമ്മികവും, നിന്ദ്യവുമായ ജീവിതപശ്ചാത്തലമുള്ള സർദാരി ബേനസീറിന്റെ യഥാർത്ഥ അഭ്യുദയകാംക്ഷിയായിരുന്നോ എന്നത് സംശയാർഹമായ കാര്യമാണ്. ബേനസീറിന്റെ അപചയങ്ങളുടെ മുഖ്യകാരണം സർദാരിയായിരുന്നു. മരണശേഷം വെളിപ്പെടുത്തുന്ന വിൽപ്പത്രത്തിൽ തന്റെ പിൻഗാമിയായി ബേനസീർ സർദാരിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മകൻ ബിലാവലിന് പ്രായം തികയുന്നതുവരെ സർദാരി അണിയറയിൽ സജീവമാകുമെന്നർത്ഥം. തന്റെ പിന്തുടർച്ചാവകാശിയായി ബിലാവലിനോടൊത്ത് സർദാരിയെ പ്രതിഷ്ഠിക്കാൻ ബേനസീറിന് സാധിക്കുമോയെന്നതും സംശയിക്കേണ്ട കാര്യമാണ്. പീപ്പിൾസ് പാർട്ടിയുടെ പുതിയ ഇലക്ഷൻ തന്ത്രങ്ങളിൽ പ്രധാനമന്ത്രി സ്ഥാനത്തേക്ക് ആര് വരും എന്നത് ആശയക്കുഴപ്പമുണ്ടാക്കുന്നു. പി.വി.പി വൈസ് ചെയർമാൻ ഫഹീമിനെ ഉയർത്തിക്കാണിക്കാനാണ് ഇപ്പോൾ തീരുമാനം. മുഷറഫിനെതിരായ പ്രക്ഷോഭം നയിച്ച അഭിഭാഷക നേതാവ് എഹ്തിയാസ് എഹ്സാൻ മറ്റൊരു സ്ഥാനാർത്ഥിയായേക്കാം.

ഈ ഘട്ടത്തിൽ മുൻപ്രധാനമന്ത്രി നവാസ് ഷെരീഫ് പ്രഭമങ്ങിയ നിലയിലാണ്. വലിയ ആശയകുഴപ്പത്തിലാണദ്ദേഹം. ഇതിന് തെളിവാണ് ഇലക്ഷനിൽ പങ്കെടുക്കാനുള്ള മാറി മറിഞ്ഞ തീരുമാനങ്ങൾ എടുത്തുകൊണ്ടിരിക്കുന്ന നവാസിന്റെ മുസ്‌ലിംലീഗ്. പാക്കിസ്ഥാനിൽ വീശിയേക്കാവുന്ന ബേനസീർ സഹതാപതരംഗം നവാസിന്റെ സകല പ്രതീക്ഷകളേയും തകിടം മറിച്ചിട്ടുണ്ട്. എന്നാൽ, മറുവശത്തുനിന്ന് ആസിഫ് സർദാരി നവാസിന് സഹായഹസ്തം നീട്ടിയിട്ടുമുണ്ട്. പാക്കിസ്ഥാൻ രാഷ്ട്രീയത്തിൽ നവാസ് ഷെരീഫിന്റെ പാക്ക് മുസ്‌ലിം ലീഗിനും വി.പി.പിക്കും ശേഷം പരിഗണനാർഹമായ രാഷ്ട്രീയ ബദലുകൾ കൂടുതലൊന്നുമില്ല. ജമാ

(8-ാം പേജിൽ)

(6-ാം പേജിൽ നിന്ന്)

ത്തിൽ വിചിത്രമെന്നു കരുതാവുന്ന ചില കാര്യങ്ങൾ ബോറകൾക്കുണ്ട്. ഇവരുടെ സക്കാത്തുകളിൽ ചിലത് സിലാതുൽ ഇമാം, സക്കാത്തുൽഫിത്ˇറ, സക്കാത്തുൽമാൽ, ഖുമുസ്, നഫ്സ്, നസറുൽ മഖം എന്നിങ്ങനെയുണ്ട്. ഇതിൽ സക്കാത്തുൽ മാൽ ആണ് വരുമാനത്തിന്റെ 2.5% മായി നിജയപ്പെടുത്തിയിരിക്കുന്ന മാസപ്രതി ചന്ദ.

51-ാമത്തെ ദായി ആയിരുന്ന സയ്യിദ് താഹിർ സൈഫുദ്ദിൻ കൊണ്ടുവന്ന ചില ഉത്തരവുകൾ ഈ വിഭാഗത്തിനിടയിൽതന്നെ പല വിഭജനങ്ങളുമുണ്ടാക്കി. ഇദ്ദേഹത്തിന്റെ ഉത്തരവനുസരിച്ച് എല്ലാ ബോറകളുടെയും സമ്പത്തിന്റെ ഉടമസ്ഥൻ ദായി മാത്രമാണ്. തങ്ങളുടെ സമ്പത്തിന്റെ അവകാശികളല്ല മറിച്ച് കണക്ക് സൂക്ഷിപ്പുകാർ മാത്രമാണ് സമുദായ അംഗങ്ങൾ. മാത്രവുമല്ല എല്ലാ ബോറകളും നമസ്കാരം പോലും തന്റെ അനുമതിയോടെ മാത്രമേ നിർവഹിക്കാവൂ എന്ന് ഇദ്ദേഹം പറഞ്ഞു. എന്തായാലും ബോറകളുടെ കണക്കനുസരിച്ച് യഥാർത്ഥ മുസ്‌ലിംകൾ മുഅ്മിനീങ്ങളാണ് (വിശ്വാസികൾ). മുഅ്മിനീങ്ങളായി ഈ ഭൂമിയിൽ തങ്ങൾ മാത്രമേയുള്ളൂവെന്ന് ഇക്കൂട്ടർ ഉറച്ചുവിശ്വസിക്കുകയും ചെയ്യുന്നു.

(1-ാം പേജിൽനിന്ന്)

വലിയ ഭാഗ്യവാനാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് നാം ബയ്അത്ത് ചെയ്തു. അഹ്മദികളായ നമ്മുടെ ഉള്ളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ ആത്മാവ് സൃഷ്ടിക്കുകയും ചെയ്തു. അങ്ങനെയുള്ള നമ്മൾ എത്രവലിയ ഭാഗ്യവാന്മാരാണ്. അല്ലാഹുവുമായി കണ്ടുമുട്ടുന്നതിനുള്ള വഴി തെളിച്ചുകാണിച്ചുതന്ന, ഇമാം നല്കപ്പെട്ട നാം എത്രമാത്രം ഭാഗ്യശാലികളാണ്. നബി(സ) തിരുമേനിയുടെ യഥാർത്ഥമായ ആത്മാവ് ആ മഹാത്മാവ് നമ്മളിൽ സൃഷ്ടിച്ചു. വിശുദ്ധ ഖുർആന്റെ മനോഹരമായ അധ്യാപനത്തിന്റെ തിരിച്ചറിവ് നമ്മളിലുണ്ടാക്കി.

മറ്റൊരു കാര്യം പുതിയതായി ബയ്അത്ത് ചെയ്തു വന്നവരോടും, നവഅഹ്മദികളുടെ മേൽനോട്ടക്കാരോടും ഞാൻ പറയാനാഗ്രഹിക്കുകയാണ്. നവഅഹ്മദികളുടെ ജമാഅത്തുമായിട്ടുള്ള ബന്ധം ശക്തിപ്രാപിക്കുന്നത്, അവർ ധനപരമായ ത്യാഗത്തിൽ പങ്കെടുക്കുമ്പോഴാണ്. അല്ലാഹുവിന്റെ പ്രീതി കിട്ടാനുള്ള ഒരു മാർഗ്ഗം ധനപരമായ ത്യാഗവും കൂടിയാണെന്ന യാഥാർത്ഥ്യം അവർ മനസ്സിലാക്കുമ്പോഴാണ്. ഈ യാഥാർത്ഥ്യം മനസ്സിലാക്കിയിട്ടുള്ള നവഅഹ്മദികൾ, ജമാഅത്തുമായിട്ടുള്ള ബന്ധത്തിലും നബി(സ) തിരുമേനിയോടുള്ള സ്നേഹത്തിലും ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടുള്ള സ്നേഹത്തിലും ആത്മാർത്ഥതയിലും ലയിച്ചുചേർന്നവരാണ്. ചില നവഅഹ്മദികൾ ത്യാഗങ്ങളുടെ ഒന്നാമത്തെ നിലയിലെത്തിയിട്ടുണ്ടെങ്കിലും, അവർ എഴുതുന്നത് അഹോ കഷ്ടം! ഞങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല എന്നാണ്. തങ്ങൾ താമസിച്ചാണ് ഇതിൽ ചേർന്നതെന്നുള്ള ബോധം അവർക്കുണ്ട്. അതുകൊണ്ട് ത്യാഗങ്ങൾ വരിച്ച് ആദ്യം വന്നവരുടെ സാമീപ്യം പ്രാപിക്കാൻ ചാടിക്കടന്ന് അവർ മുന്നോട്ടു പോകുന്നു.

അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് നല്കിയ മുത്തും പവിഴവുമാണ് ഇവർ. അവൻ ഇപ്പോഴും അത് നല്കിക്കൊണ്ടിരിക്കുന്നു. ഇവരുടെ ദുഃഖം ഭൗതികാഗ്രഹങ്ങൾക്കു വേണ്ടിയല്ല. മറിച്ച്, ത്യാഗങ്ങളിൽ മുൻകടക്കാൻ വേണ്ടിയാണ്. ഈ നിലയിലേക്ക് ഉയരുന്ന ജനതയെ, അടിച്ചമർത്താൻ ആർക്കും സാധിക്കുകയില്ല; അല്ലാഹുവിന്റെ വാഗ്ദാനം അതിനോടൊപ്പം ഉള്ളപ്പോൾ പറയുകയും വേണ്ട. 'ഞാൻ നിന്നോടൊപ്പവും നിന്റെ പ്രിയപ്പെട്ടവരോടൊപ്പവുമാണ്' എന്ന് അല്ലാഹു പറയുന്ന സ്ഥിതിക്ക് പ്രത്യേകിച്ചും. അതുകൊണ്ട് പുതിയ അഹ്മദിയാണെങ്കിലും പഴയ അഹ്മദിയാണെങ്കിലും ദുർബലനാണെങ്കിൽ, ശിക്ഷണപരമായ കുറവ് കാരണത്താൽ മറന്നതോ, ത്യാഗങ്ങളുടെ പ്രാധാന്യം അറിയാത്തതോകൊണ്ട് ബലഹീനനാണെങ്കിൽ, തുടർച്ചയായ പരിശ്രമവും കഠിനമായ യത്നവും അവർക്ക് അല്ലാഹുവിന്റെ പ്രീതിയുടെ സ്ഥാനം നല്കുമെന്ന് ഓർമ്മിച്ചുകൊള്ളട്ടെ. ഈ പ്രധാനപ്പെട്ട ദൗത്യം നിർവഹിക്കുന്നതിനുള്ള നിർബന്ധമായ കടമകൾ എന്തൊക്കെയാണെന്ന് മനസ്സിലാക്കേണ്ടത് ഓരോ അഹ്മദിയുടെയും ബാധ്യതയാണ്. അതിനോടൊപ്പം സംഘാടകരുടേയും നിർബന്ധകടമയാണിത്. ജമാഅത്തിലെ അംഗങ്ങൾക്കും പുതിയ അഹ്മദികൾക്കും ഇതിന്റെ പ്രാധാന്യം പറഞ്ഞുകൊടുക്കുക. ജമാഅത്ത് ഭാരവാഹികളുടെ ത്യാഗത്തിന്റെ നിലവാരം ഉയരാത്തിടത്തോളം, അവരുടെ ഉപദേശത്തിന് ഒരു ഫലവുമുണ്ടാകുകയില്ല. ഭാരവാഹികൾ തങ്ങളെ ഏല്പിച്ചിരിക്കുന്ന സൂക്ഷിപ്പുമുതലിനോടുള്ള കടമകൾ നിറവേറ്റുന്നവരാണെങ്കിൽ, അവിടുത്തെ റിപ്പോർട്ട് അത് വിളിച്ചുപറയും.

നമ്മൾ ഖിലാഫത്തിന്റെ പുതിയ നൂറ്റാണ്ടിലേക്ക് കുറച്ചു മാസത്തിനുള്ളിൽ പ്രവേശിക്കാൻ പോകുന്നവരാണ്. ജമാഅത്തിന്റെ വ്യവസ്ഥിതിയും ശാഖാസംഘടനകളും വിവിധ രാജ്യങ്ങളിലും നഗരങ്ങളിലും സ്ഥാപിതമായിക്കഴിഞ്ഞിരിക്കുന്നു. ത്യാഗങ്ങളുടെ എല്ലാത്തരം നിലവാരവും ഉയരുംവിധമുള്ള പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ്. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാനുള്ള ഉത്സാഹം ഓരോരുത്തരിലും ഉണ്ടാകുംവിധം പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. പഴയതും പുതിയതുമായ എല്ലാ അഹ്മദികളും ആത്മപരിശോധന നടത്തുക; അല്ലാഹുവിന്റെ മുമ്പിൽ ഏറ്റവും ഉന്നതമായ സമ്മാനം സമർപ്പിക്കാനാണോ പോകുന്നതെന്ന് നോക്കുക.

മനസ്സിന്റെ പരിശുദ്ധിക്കും തഖ്‌വയിൽ വളരുന്നതിനും ധനത്യാഗവും വളരെ അത്യാവശ്യമായ കാര്യമാണ്. അതിനാൽ പ്രാർത്ഥനകളും ത്യാഗങ്ങളും കൊണ്ട് തഖ്‌വയിൽ അഭിവൃദ്ധിപ്പെടുക. ഖിലാഫത്തിന്റെ പുതിയ നൂറ്റാണ്ടിനെ സ്വാഗതം ചെയ്യുക. അതിൽ പ്രവേശിക്കുക. ഈ ത്യാഗങ്ങളുടെ ശീലവും, ഈ ഉണർവ്വും കുട്ടികളിലും പുതിയതായി വരുന്നവരിലും പതിക്കുകയും ത്യാഗങ്ങളിലും തഖ്‌വയിലും അഭിവൃദ്ധിപ്പെടണമെന്നുള്ള ബോധം എല്ലാ അഹ്മദികളിലും ഉണ്ടാകുകയും വേണം. (ഖുത്ബ, 4.1.08).

